2023
ഡിസംബർ

വാല്യം 16 | ലക്കം 12
Annual Subscription ₹ 100.00

# വിജയപുരദൂത്

VIJAYAPURAM DIOCESAN BULLETIN



## വിജയപുരം രൂപതയിൽ വണ്ടിപ്പെരിയാറ്റിൽ വച്ച് നടത്തപ്പെട്ട
## ജനജാഗരം







ജൂബിലി നിറവിൽ : റവ.ഫാ. സെബാസ്റ്റ്യൻ പ്ലാത്തോട്ടവും റവ.ഫാ. ആന്റണി പാട്ടപ്പറമ്പിലും അഭിവന്ദ്യപിതാവിനോടും വികാരി ജനറാളിനോടുമൊപ്പം

# വിജയപുരദൂത്

VIJAYAPURAM DIOCESAN BULLETIN

**2023 DECEMBER** Registered Newspaper, Reg. No. KERMAL/2008/24745 **Vol.16 • No.12**

Editorial Board

*Editor*
**Rev.Fr. Job Kuzhivayalil**
(Editor as defined by the Press & Registration of Books Act 1867)

*Chief Editor*
**Msgr. Jose Navez** M.A. Ph.D.
Mob: 9446119427

*Associate Editor*
**Fr. Mathew Ozhathil STL**

*Managing Editor*
**Fr. Hilari Thekkekuttu**
Vijayapuram Bishop's House
P.B. No. 82, Kottayam 686001
Ph: 0481-2563747

*Editorial Board*
**Fr. Tom Jose** B.A., B.Th.
**Adv. Henry John**
**Mr. Thomas Williams**
**Sr. Jeanine CSST**

*Circulation Manager*
**Fr. Joseph Meenaikodath**
Mob: 9496564652
9446864649



## താളുകൾ മറിക്കുമ്പോൾ...

4. എഡിറ്റോറിയൽ
6.. സർക്കുലർ
10. കെ.സി.ബി.സി. സർക്കുലർ
12. ജനജാഗരം
14. പരാജയപ്പെട്ടവന്റെ വിജയം-സമാധാനം
15. ആഗമനകാലം: ദൈവത്തിന്റെ സാഹസിക സ്നേഹത്തിന്റെ ഓർമ്മ
17. ആശ്വാസദായിക
18. വാതിൽമുട്ടി കടന്നുപോകുന്നവർ
20. സിനഡാത്മക സഭയിലേക്ക് മുന്നേറാം
23. കോട്ടയം മേഖലാ മിഷൻലീഗ് പ്രതിനിധികളുടെ സംഗമം
24. വേണം നമുക്കൊരു പരിസ്ഥിതി മാനസാന്തരം
26 ഇടവക വാർത്തകൾ
32. വി.എസ്.എസ്.എസ്. വാർത്തകൾ
34. അഭി. പിതാവിന്റെ ഡിസംബർമാസ പരിപാടികൾ

Printed & Published by Fr. Francis Nedumparambil, on behalf of Diocese of Vijayapuram, P.B. No. 82, Kottayam-686001
Printed for Archana Offset Printers, Ktm-2, Kerala at Good Shepherd Press, Kottayam, Kerala-686001
Published at Vijayapuram Bishop's House, Kottayam-686001, Kerala, India.

vijayapuradhuthu@gmail.com

Editorial

# കർത്താവിതാ കടന്നുവരുന്നു നമുക്ക് ഉണർവോടെ അവിടുത്തെ സ്വീകരിക്കാം

**2023** ആണ്ടിലെ അവസാനമാസമായ ഡിസംബർ നമ്മുടെ ആരാധനാവത്സരത്തിലെ ആദ്യത്തെ മാസമാണ്. ഡിസംബർ മൂന്നാം തീയതി ആരാധനാ വത്സരത്തിലെ ആരംഭഘട്ടമായ ആഗമനകാലത്തിലേക്ക് നാം കടന്നുവരുന്നു. ഏകദേശം ഒരുമാസം (നാലു ഞായറാഴ്ചകൾ) നീളുന്ന ആഗമനകാലാനുഷ്ഠാനങ്ങളിലുടെയും പ്രാർത്ഥനകളിലൂടെയും കർത്താവിന്റെ ആഗമനം ആഘോഷിക്കാൻ നാം ഒരുങ്ങും. യേശുവിന്റെ വരവിന് മനുഷ്യരും ദൈവവും ചേർന്ന്, പ്രത്യേകമായി വിശുദ്ധ സ്നാപക യോഹന്നാനിലൂടെയും കന്യകമറിയത്തിലൂടെയും നടത്തിയ ഒരുക്കങ്ങളെ ധ്യാനിച്ചുകൊണ്ടാണ് ആഗമനകാലത്തിലൂടെ നാം മുന്നേറുക. പശ്ചാത്താപത്തിന്റെ ആഹ്വാനമേകി കടന്നുവന്ന സ്നാപകയോഹന്നാനിലൂടെ രക്ഷകന്റെ വരവിനുവേണ്ടി ജനം സജ്ജരാക്കപ്പെട്ടു വിശ്വാസികളുടെ മാതാവായി പരിശുദ്ധ കന്യാമറിയത്തിലൂടെ യേശുവിന്റെ സ്വർഗ്ഗത്തിൽനിന്ന് ഭൂമിയിലേക്കുള്ള വരവിനായി ജീവിതവഴി ഒരുക്കപ്പെട്ടു. അങ്ങനെ പശ്ചാത്താപത്തോടും വിശ്വാസത്തോടും കൂടെയാണ് പരിശുദ്ധാത്മാവാൽ പ്രചോദിതരായി ദൈവ വചനത്താൽ നയിക്കപ്പെട്ടും നാം കർത്താവിന്റെ വരവിനുവേണ്ടി ഒരുങ്ങുക. കടന്നുവരുന്ന അവിടുത്തെ സ്വീകരിക്കാനും ഉൾക്കൊള്ളാനും അവനിലും അവനുവേണ്ടിയും ജീവിക്കാനുമാണ് നാം ഒരുങ്ങുന്നത്.



ആഗമനമെന്നാൽ കടന്നുവരവ് എന്നാണർത്ഥം. കർത്താവിന്റെ മൂന്ന് ആഗമനങ്ങൾ, കടന്നുവരവുകൾ ഉണ്ട്. ഇന്നലത്തെ വരവ്, ഇന്നത്തെ വരവ്, നാളത്തെ വരവ്. ഏകദേശം 2000 വർഷങ്ങൾക്കു മുമ്പ് ദൈവപുത്രൻ ബേദ്‌ലഹേമിൽ പരിശുദ്ധ കന്യാമറിയത്തിൽ നിന്ന് മനുഷ്യനായി അവതരിച്ചതാണ് ഇന്നലത്തെ വരവ്. യുഗത്തിൽ രാജാധിരാജനായി നമ്മുടെ കർത്താവ് കടന്നുവരുന്നതാണ് നാളത്തെ വരവ്. അതാണ് കർത്താവിന്റെ വീണ്ടുവരവ്. ഇന്ന് നമ്മുടെ ഹൃദയത്തിലേക്കും ജീവിതത്തിലേക്കും കുടുംബത്തിലേക്കും കൂട്ടായ്മയിലേക്കും ചരിത്രത്തിലേക്കും ലോകത്തിലേക്കും കടന്നുവരുന്ന അനുഭവമാണ് ഇന്നത്തെ വരവ്. അത് നാം പ്രത്യേകമായി അനുഭവിക്കുന്നത് വിശുദ്ധ കുർബാനയിലൂടെയാണ് (Holy Mass). അതിന്റെ പ്രത്യേക ആഘോഷമാണ് ക്രിസ്തുമസ്. മാസ് എന്നാൽ ദിവ്യബലി എന്നാണർത്ഥം. അങ്ങനെ ക്രിസ്തുമസ് എന്നാൽ ക്രിസ്തുവിന്റെ ദിവ്യബലി എന്നാണർത്ഥം.

ആഗമനകാലത്തിലെ ഒന്നാം ഞായറാഴ്ച നമ്മുടെ കർത്താവിന്റെ നാളത്തെ വരവിനെയാണ് നാം ധ്യാനവിഷയമാക്കുക. രണ്ടും മൂന്നും ഞായറാഴ്ചകളിൽ ഇന്നത്തെ വരവിനെയും നാലാം ഞായറാഴ്ച ഇന്നലത്തെ വരവിനെയും നാം ധ്യാനവിഷയമാക്കും. പല രീതികളിലാണ് കർത്തവ് കടന്നുവരുന്നത്. പരിശുദ്ധ ദിവ്യബലിയിലൂടെയും മറ്റു കൂദാശകളിലൂടെയും അനുഷ്ഠാനങ്ങളിലൂടെയും ദൈവവചന വായനയിലൂടെയും പഠനത്തിലൂടെയും അതനുസരിച്ചുള്ള ജീവിതത്തിലൂടെയും മനുഷ്യരുടെ സാന്നിദ്ധ്യത്തിലൂടെയും വാക്കുകളിലൂടെയും പ്രവൃത്തികളിലൂടെയും ബന്ധങ്ങളിലൂടെയും ശുശ്രൂഷകളിലൂടെയും പ്രാർത്ഥനയിലൂടെയും സഹനങ്ങളിലൂടെയും ജീവിതാനുഭവങ്ങളിലൂടെയും ചരിത്രഗതികളിലൂടെയുമെല്ലാം കർത്താവു കടന്നുവരുന്നു. നമ്മുടെ ഹൃദയങ്ങളിലേക്കും ജീവിതത്തിലേക്കും ജീവിത സാഹചര്യങ്ങളിലേക്കും ബന്ധങ്ങളിലേക്കുമെല്ലാം കർത്താവു കടന്നു വരുന്നു.

അങ്ങനെ കടന്നുവരുന്ന കർത്താവിനെ കണ്ടുമുട്ടാനും സ്വീകരിക്കാനും ഉൾക്കൊള്ളാനും സ്നേഹിക്കാനും അവനിലും അവനാൽ പ്രചോദിതമായി ജീവിക്കാനും എല്ലാത്തരത്തിലും അവനെ പ്രഘോഷിക്കാനും അനുഭവദ്യേമാക്കാനും നമുക്കു ശ്രദ്ധിക്കാം. സന്തോഷമേകുന്ന സദ്വാർത്തയായി, ലോകത്തിന്റെ പ്രകാശമായി ഏവരുടെയും രക്ഷകനായി കടന്നുവരുന്ന കർത്താവ് നമ്മെ ദൈവസ്നേഹം കൊണ്ടും രക്ഷയുടെ അനുഭവം കൊണ്ടും, സമാധാനവും സംതൃപ്തിയും സന്തോഷവും കൊണ്ട് നിറച്ചനുഗ്രഹിക്കട്ടെ.

***ക്രിസ്തുമസിന്റെയും പുതുവത്സരത്തിന്റെയും മംഗളങ്ങളും അനുഗ്രഹങ്ങളും ഹൃദയപൂർവ്വം നേരുന്നു.***

പത്രാധിപ സമിതി.

Diocese of Vijayapuram
CIRCULAR LETTER
VOL. XVII • NO.4 • NOVEMBER 2023

# ആഗമനകാല സന്ദേശവും പരിശുദ്ധ വിമലഗിരി മാതാവിന്റെ തിരുനാളും

ഒരുമയോടും സ്വരുമയോടും ഒരുക്കത്തോടും ആരാധനക്രമ വത്സരത്തിലെ പ്രഥമ ഘട്ടത്തിലേക്കു നമുക്ക് പ്രവേശിക്കാം. ആഗമനകാലത്തെക്കുറിച്ച് കത്തോലിക്ക സഭയുടെ മതബോധന ഗ്രന്ഥം വ്യക്തമാക്കുന്നത് : "സഭ ഒരോ വർഷവും ആഗമന കാലത്തിന്റെ ആരാധനാക്രമത്തിലൂടെ മിശിഹായെപ്പറ്റിയുള്ള പൂർവകാലപ്രതീക്ഷയെ സന്നിഹിതമാക്കുന്നു. രക്ഷകന്റെ പ്രഥമ ആഗമനത്തിന് വേണ്ടിയുള്ള ദീർഘമായ തയ്യാറെടുപ്പിൽ പങ്കുചേർന്നുകൊണ്ട് വിശ്വാസികൾ അവിടുത്തെ ദ്വിതീയ ആഗമനത്തിന് വേണ്ടിയുള്ള തങ്ങളുടെ തീവ്രമായ ആഗ്രഹം നവീകരിക്കുന്നു." (CCC. 524). അതായത് ആഗമന കാലം ദൈവം മനുഷ്യനായി അവതരിച്ച സംഭവത്തിന്റെ സാഘോഷമായ ഓർമ്മയും അവിടുത്തെ രണ്ടാം വരവിനുവേണ്ടിയുള്ള പ്രത്യാശ യോടെയുള്ള കാത്തിരിപ്പുമാണ് വെളിപ്പെടുത്തുന്നത്. ആഗമനകാലം മനുഷ്യരക്ഷയെപ്രതി ത്രിതൈ്വക ദൈവത്തിനു കൃതജ്ഞത പ്രകാശിപ്പിക്കുവാനുള്ള ഏറ്റവും ശ്രേഷ്ഠമായ അവസരമായി സഭ കരുതുന്നു. പ്രശ്നകലുഷിതമായ ഈ കാലഘട്ടത്തിലും നമുക്കു ദൈവത്തിന്റെ കാരുണ്യവും കരുതലും തിരിച്ചറിഞ്ഞു അവിടുത്തേക്കു ആരാധനയും സ്തുതിയും അർപ്പിക്കുവാനുള്ള ശക്തിക്കായി ആത്മാർത്ഥമായി പ്രാർത്ഥിക്കുകയും പ്രവർത്തിക്കുകയും ചെയ്യാം.

## ജാഗരൂകരായി കാത്തിരിക്കാം

മത്തായി സുവിശേഷകൻ 'പരുസിയ' എന്ന ഗ്രീക്ക് പദമാണ് ആഗമനം അഥവാ ക്രിസ്തുവിന്റെ രണ്ടാം വരവിനെ സൂചിപ്പിക്കുവാൻ

ഉപയോഗിക്കുന്നത്(മത്താ. 24:3). തന്റെ ശത്രുക്കളെ വിധിക്കാനും, വിശ്വസ്ത ശിഷ്യരെ മോചിപ്പിക്കുവാനുമുള്ള യേശുവിന്റെ വരവിനെയാണ് പ്രതിപാദിക്കുന്നത്. യുഗാന്തത്തിൽ യേശുവിന്റെ മഹത്വപൂർണമായ പ്രത്യാഗമനത്തിൽ തിരഞ്ഞെടുക്കപ്പെട്ടവരുടെ ഗണത്തിൽ ഉൾപ്പെട ണമെങ്കിൽ നാം ജാഗരൂകരായി കാത്തിരിക്കണമെന്ന ആഹ്വാനമാണ് യേശു നൽകുന്നത് (മത്താ. 24:36–51). യുഗാന്ത്യം എന്ന്, എപ്പോൾ സംഭവിക്കുമെന്ന് ആർക്കും നിശ്ചയമില്ലാത്തതുകൊണ്ട് നാം സദാ ഒരുങ്ങിയിരിക്കണം. 'ആകയാൽ ജാഗരുകരായിരിക്കുവിൻ. നിങ്ങളുടെ കർത്താവ് ഏതു ദിവസം വരുമെന്ന് നിങ്ങൾ അറിയുന്നില്ല' (മത്താ. 24:42).'നിങ്ങൾ പ്രതീക്ഷിക്കാത്ത മണിക്കൂറിലായിരിക്കും മനുഷ്യപുത്രൻ വരുന്നത്' (മത്താ. 24:44). യേശുവിന്റ നാമത്തിൽ അവതരിക്കുന്ന കള്ള പ്രവാചകന്മാരെ നാം തിരിച്ചറിയണം. യുദ്ധങ്ങളും പ്രകൃതി ദുരന്തങ്ങളും, മാറാരോഗങ്ങളും ഉണ്ടാകുമ്പോഴും പ്രത്യാശ കൈവെടിയാതെ കാത്തിരിക്കണമെങ്കിൽ പരിശുദ്ധാത്മാവിന്റ സഹായം അത്യാവശ്യമാണ് . അതുകൊണ്ടാണ് കൂടുതൽ പ്രാർത്ഥിക്കാനും ഉപവസിക്കാനും പ്രായശ്ചിത്ത കർമ്മങ്ങൾ നിറവേറ്റുവാനുമുള്ള ഒരു ആരാധന കാലഘട്ടമായി സഭ ആഗമനകാലത്തെ കരുതുന്നത്. നോമ്പിന്റെ ഈ ദിനങ്ങളിൽ വിശ്വാസം, ശരണം, സ്നേഹം, എന്നി ദൈവിക പുണ്യങ്ങൾ പരിപോഷിപ്പിക്കപ്പെടാനായിട്ടാണ് നാം ശ്രദ്ധ ചെലുത്തേണ്ടത്. പരമപ്രധാനമായി നമുക്ക് ദാനമായി കിട്ടിയ വിശ്വാസത്തിൽ നാം ആഴപ്പെടണം. ദൈവകൃപയിൽ നാം ആശ്രയിക്കണം. വി.പൗലോസ് തീത്തുസിനു നൽകുന്ന ഉപദേശം ഈ വസ്തുതകൾ വ്യക്തമാക്കി ത്തരുന്നു: 'എന്തെന്നാൽ എല്ലാ മനുഷ്യരുടെയും രക്ഷക്കായി ദൈവകൃപ പ്രത്യക്ഷപ്പെട്ടിരിക്കുന്നു. അധർമവും ലൗകിക മോഹങ്ങളും ഉപേക്ഷിക്കാനും ഈ ലോകത്തിൽ സമചിത്തതയും നീതിനിഷ്ഠയും ദൈവഭക്തിയുമുള്ള ജീവിതം നയിക്കാനും അതു നമ്മെ പരിശീലി പ്പിക്കുന്നു. അതേസമയം നമ്മുടെ മഹോന്നതനായ ദൈവത്തിന്റെയും രക്ഷകനായ യേശു ക്രിസ്തുവിന്റെയും മഹത്വത്തിന്റ പ്രത്യക്ഷികരണവും അനുഗ്രഹ പൂർണവുമായ പ്രത്യാശയും നാം കാത്തിരിക്കുന്നു' (തീത്തു. 2:11–13). നാം അനുവർത്തിക്കേണ്ട ജീവിതശൈലിയെക്കുറിച്ച് മത്തായി സുവിശേഷകൻ സുചിപ്പിക്കുന്നത് – യജമാനൻ മടങ്ങിവരുന്നതുവരെ ഉണർന്നിരിക്കുന്ന ഭൃത്യനെപ്പോലെയും, മണവാളനെ സ്വികരിക്കാൻ പോയ വിവേകമതികളായ കന്യകമാരെപ്പോലെയും ലഭിച്ച താലന്തു വർദ്ധിപ്പിച്ച ഭൃത്യരെപ്പോലെയും ഉത്തരവാദിത്വത്തോടും വിവേകത്തോടും പ്രത്യാശയോടും തീക്ഷ്ണതയോടും ജീവിതത്തെ ഗൗരവമായി എടുക്കുന്നവരാണ് ജാഗരൂകരായി കഴിയുന്നവർ. വിശക്കുന്നവരിലും ദാഹിക്കുന്നവരിലും നഗ്നരിലും തുറുങ്കിലടക്കപ്പെട്ടവരിലും

അഭയാർത്ഥികളിലും യേശുവിനെ കണ്ടുകൊണ്ടു അവരെ ശുശ്രുഷിക്കുമ്പോഴാണ് നാം യഥാർത്ഥത്തിൽ ദൈവികപുണ്യമായ സ്നേഹം പങ്കുവയ്ക്കുന്നത്. ഭൗതിക ലൗകിക മുല്യങ്ങൾക്കു മാത്രം വില കല്പിക്കുന്നവർക്കു മനുഷ്യന്റെ മഹത്വം മനസിലാക്കാൻ പറ്റുകയില്ല. അങ്ങനെയുള്ളവരാണ് സ്ഥാപിത താല്പര്യങ്ങൾക്ക് വേണ്ടി മറ്റു മനുഷ്യരെ ഉപഭോഗവസ്തുക്കളായി കാണുന്നതും മനുഷ്യനെ പീഡിപ്പിക്കുന്നതിലും കൊലചെയ്യുന്നതിലും ആനന്ദം കണ്ടെത്തുന്നതും. എന്നാൽ ദൈവം മനുഷ്യനായതു അവനു ജീവൻ നൽകാനാണ്. അവിടുത്തെ കുരിശുമരണം മനുഷ്യന്റെ പാപപരിഹാര ബലിയാണ്. അവിടുന്ന് വീണ്ടും വരുന്നത് ജീവനിൽ നിലനിൽക്കുന്നവരെ തിരഞ്ഞെടുക്കുന്നതിനാണ്. ആയതിനാൽ ആഗമനകാലത്തിലെ നമ്മുടെ എല്ലാ ശുശ്രുഷകളും പ്രവർത്തനങ്ങളും നമ്മുടെ ആത്മീയ നിലവാരത്തേക്കുറിച്ചു തിരിച്ചറിവ് ലഭിക്കുന്നതിനും യോഗ്യതയോടെ വിധിയാളന്റെ മുമ്പിൽ നില്ക്കുന്നതിനും സഹായിക്കുന്നത് ആയിരിക്കണം. 'ശരീരത്തെയും ആത്മാവിനെയും ഒരുപോലെ കൊല്ലുന്ന വരെയും നശിപ്പിക്കുന്നവയെയും മാത്രം നാം ഭയപ്പെടണം. എല്ലാവിധ ആർഭാടവും ധൂർത്തും പാടെ വെടിഞ്ഞും, പ്രാർത്ഥിച്ചും നോമ്പുനോറ്റും സൽപ്രവർത്തികൾ ചെയ്തും നമ്മുടെ ക്രിസ്തുമസ് ആഘോഷം തീർത്തും അനുഗ്രഹപ്രദമാക്കാൻ നാം പ്രതിജ്ഞയെടുക്കേണ്ടി യിരിക്കുന്നു. ആഗമനകാലത്തിലെ ഒരോ ആഴ്ചയിലും തെളിക്കാനുള്ള തിരികൾ വച്ചുള്ള ആഗമനകാല പുഷ്പചക്രം ഉപയോഗിക്കുന്ന പാരമ്പര്യം പരിപോഷിപ്പിക്കേണ്ടതാണ്.

## വിമലഗിരി തിരുനാളും രൂപതാ ദിനവും

നമ്മുടെ സ്വർഗീയ മധ്യസ്ഥയായ വിമലഗിരി മാതാവിന്റെ തിരുനാൾ രൂപതാ മക്കളുടെ ആത്മീയ ഉൽസവമായിട്ടാണല്ലോ നാം ഏറ്റെടുക്കുന്നത്. പതിവുപോലെ നവംബർ മാസം 29ന് കൊടി കയറി ഡിസംബർ 8ന് ഉച്ചകഴിഞ്ഞു 2.30 ന് നാം എല്ലാവരും വിമലഗിരിമാതാ സന്നിധേ സാഘോഷമായ ബലി അർപ്പിച്ചു സ്നേഹസമ്പുർണനായ ദൈവത്തിനു കൃതജ്ഞത പ്രകാശിപ്പിക്കും. തിരുനാൾ ദിനങ്ങളിൽ ദിവ്യശുശ്രുഷകളിൽ സജീവമായി പങ്കെടുത്തുകൊണ്ട് പരിശുദ്ധ വിമലഗിരി മാതാവിന്റെ ശക്തമായ മാധ്യസ്ഥത്താൽ ദൈവാനുഗ്രഹം സമൃദ്ധമായി നേടുവാൻ ഏവരെയും സസ്നേഹം ക്ഷണിച്ചുകൊള്ളുന്നു. മാതൃസന്നിധിയിലേക്ക് പദയാത്ര നടത്തുന്ന തീർത്ഥാടകർക്കു മുൻകൂട്ടി അറിയിക്കുംപ്രകാരം ആവശ്യമായ സൗകര്യങ്ങൾ ഒരുക്കി കൊടുക്കുന്നതായിരിക്കും. ഡിസംബർമാസം 18-നാണ് ഏട്ടാമിടമായി ആഘോഷിക്കപ്പെടുന്നത്. 9-ാം തീയതി മുതൽ 17-ാം തീയതി വരെ

മുൻകൂട്ടി ആവശ്യപ്പെടുന്ന വികാരിമാർക്ക് തങ്ങളുടെ വിശ്വാസി കളോടൊത്തു ബലി അർപ്പിക്കാനുള്ള അവസരമുണ്ടായിരിക്കും. നമ്മുടെ സ്വർഗീയ അമ്മ നമ്മെ മാടിവിളിക്കുന്നു. അവളുടെ സന്നിധേ നമുക്ക് അഭയം തേടാം, വിശ്വാസത്തിൽ ആഴപ്പെടാം, പ്രത്യാശയിൽ നിലനിൽക്കാം, സ്നേഹത്തിൽ വളരാം.

ഡിസംബർ 8ന് വിവിധ ഇടവകകളിൽ നിന്നുമുള്ള റാലികൾ 12 മണിയോടുകൂടി ഗുഡ് ഷെപ്പേർഡ് ദൈവാലയങ്കണത്തിൽ എത്തിച്ചേർന്ന് ഉച്ചഭക്ഷണത്തിന് ശേഷം 1.15-ന് വിമലഗിരിയിലേക്കുള്ള പ്രദക്ഷിണത്തിൽ പങ്കെടുക്കണമെന്ന് അഭ്യർത്ഥിക്കുന്നു. ആവശ്യമായ ഒരുക്കങ്ങൾ ചെയ്യേണ്ടതിനായി ഇടവകകളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും എത്തുന്നവരുടെ എണ്ണം മുൻകുട്ടി അറിയിക്കുമല്ലോ.

ഏവരെയും പരിശുദ്ധ വിമലഗിരി മാതാവിന്റെ തൃക്കരങ്ങളിൽ സമർപ്പിച്ചുകൊണ്ട്, പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാ വിന്റെയും നാമത്തിൽ ആശീർവദിച്ചു കൊള്ളുന്നു.

കോട്ടയം
31-10-2023

**✝ സെബാസ്റ്റ്യൻ തെക്കെതേച്ചേരിൽ**
*വിജയപുരം മെത്രാൻ*

---

NB: : ഈ സർക്കുലർ 2023 നവംബർ 12 ഞായറാഴ്ച നമ്മുടെ എല്ലാ ദൈവാലയങ്ങളിലും സ്ഥാപനങ്ങളിലും വായിക്കേണ്ടതാണ്.




**ഡിസംബർ**

## ജന്മദിനാശംസകൾ

01 ഫാ. ഫ്രാൻസിസ് നെടുംപറമ്പിൽ
11. ഫാ. സെബാസ്റ്റ്യൻ പ്ലാത്തോട്ടം
19. ഫാ. തോമസ് തച്ചിലാടി
19. ഫാ. യേശുദാസ് ചൂണ്ടശേരി
27. ഫാ. ജോസഫ് തറയിൽ
28. ഫാ. അഗസ്റ്റിൻ പി. ആശീർ
31. ഫാ. സിൽവസ്റ്റർ മാധവശേരി

# കെ.സി.ബി.സി. എസ്.സി./ എസ്.റ്റി./ബി.സി. കമ്മീഷൻ സർക്കുലർ

അഭിവന്ദ്യ പിതാവേ,

ദലിത് ക്രൈസ്തവർക്കു നഷ്ടപ്പെട്ട ആനുകൂല്യങ്ങളും അവകാശങ്ങളും പുനഃസ്ഥാപിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ദലിത് കത്തോലിക്കാ മഹാജനസഭ (DCMS) സംസ്ഥാന കമ്മറ്റിയുടെ നേതൃത്വ ത്തിൽ 2023 നവംബർ 20ന് സെക്രട്ടറിയേറ്റ് മാർച്ചും ധർണ്ണയും നടത്തുകയാണ്. രാവിലെ 10 മണിക്ക് പാളയം രക്തസാക്ഷി മണ്ഡപത്തിൽ നിന്നും ആരംഭിക്കുന്ന മാർച്ച് സെക്രട്ടറിയേറ്റ് പടിക്കൽ ധർണ്ണ നടത്തുന്നു.

മഹത്തായ ഇൻഡ്യൻ ഭരണഘടന നിലനിൽക്കുന്ന രാജ്യത്ത് ദലിത് ക്രൈസ്തവരുടെ ഭരണഘടനാനീതി നിഷേധിക്കപ്പെട്ടിട്ട് എഴുപത്തിമൂന്ന് വർഷം കഴിഞ്ഞിരിക്കുന്നു. പട്ടികജാതിയിൽ നിന്നും ക്രിസ്തുമതം സ്വീകരിച്ച ഇൻഡ്യയിലെ ദളിത് ക്രൈസ്തവരുടെ സാമാന്യ നീതിയാണ് ഇത്രകാലമായി നിഷേധിക്കപ്പെട്ടിരിക്കുന്നത്. ഭരണഘടനയുടെ 25 മുതൽ 28 വരെയുള്ള വകുപ്പുകൾ മതസ്വാതന്ത്ര്യത്തിന്റെ വിശാലമായ ലോകമാണ് ഇൻഡ്യൻ ജനതയ്ക്ക് തുറന്നു നൽകുന്നത്. ഏതു മതവും വിശ്വാസവും സ്വീകരിക്കുവാനും അതിന്റെ അനുക്രമമായി ജീവിക്കുവാനും സ്വാതന്ത്ര്യം നൽകുന്ന ഭരണഘടനയാണ് നമ്മുടേത്. ഒരാളുടെ മതമോ വിശ്വാസമോ മൂലം അയാൾക്കെതിരായി രാഷ്ട്രം യാതൊരു പക്ഷപാതവും കാണിക്കുകയില്ല എന്ന ഭരണഘടനാ തത്വമാണ് ദലിത് ക്രൈസ്തവർക്ക് നിഷേധിച്ചിരിക്കുന്നത്. 1950 ആഗസ്റ്റ് 10ന് അന്നത്തെ ഇൻഡ്യൻ പ്രസിഡന്റ് ഇറക്കിയ പ്രസിഡൻഷ്യൽ ഓഡറാണ് ദലിത് ക്രൈസ്തവരുടെ ഭരണഘടനാ നീതി നിഷേധിക്കപ്പെടുവാൻ കാരണം. പിന്നാക്ക വിഭാഗങ്ങളെ സംബന്ധിച്ച് പഠിച്ച രംഗനാഥമിശ്ര കമ്മീഷനും മണ്ഡൽ കമ്മീഷനും വളരെ വ്യക്തമായ നിലയിൽ ദളിത് ക്രൈസ്തവ പിന്നോക്കാവസ്ഥ കേന്ദ്ര സർക്കാരിന് റിപ്പോർട്ടായി നൽകിയിട്ടുള്ളതാണ്. എങ്കിലും നാളിതുവരെ യാതൊരു നടപടികളും ഗവൺമെന്റിന്റെ ഭാഗത്തു നിന്നും ഉണ്ടായിട്ടില്ല. മാറി മാറി വരുന്ന എല്ലാം ഗവൺമെന്റുകളും ഈ ജനതയുടെ ആവശ്യങ്ങളെ നിരാകരിക്കുകയാണ്. സുപ്രീംകോടതിയിൽ നിലനിൽക്കുന്ന കേസുകളിൽ വിധി വരാറായ ഘട്ടത്തിൽ പുതിയ കമ്മീഷനെ നിയോഗിച്ച് നീതി വൈകിപ്പിക്കാനാണ് കേന്ദ്ര ഗവൺമെന്റ് ശ്രമിക്കുന്നത്.

നീതിപൂർവ്വകമായ സമീപനം ദളിത് ക്രൈസ്തവ ജനതയോട് ഉണ്ടാവണമെന്നാണ് ഞങ്ങൾക്ക് അഭ്യർത്ഥിക്കുവാനുള്ളത്. കേരളത്തിലും മാറി മാറി വരുന്ന സർക്കാരുകൾ ദളിത് ക്രൈസ്തവ വിഷയത്തിൽ അനാസ്ഥയാണ് കാണിച്ചുകൊണ്ടിരിക്കുന്നത്. നാമമാത്രമായി സംവരണം ലഭിക്കുന്ന ദളിത് ക്രൈസ്തവർക്ക്, 2005 ലെ നരേന്ദ്രൻ കമ്മീഷൻ റിപ്പോർട്ട് അനുസരിച്ച് നികത്തുവാനുള്ളത് ക്ലാസ് വൺ തസ്തികയിൽ 890, ക്ലാസ് ഫോർ തസ്തികയിൽ 2890 മാണ്. ഇത് നികത്തുന്നതിന് സംസ്ഥാന സർക്കാർ യാതൊരുവിധ നടപടികളും ഇതുവരെ എടുത്തിട്ടില്ല. ഏകദേശം ഇരുപത് ലക്ഷത്തിലേറെ ജനസംഖ്യയുള്ള ദലിത് ക്രൈസ്തവർക്ക് ഇന്നും ലഭിക്കുന്നത് എസ്.ഐ.യു.സി. നാടാർ വിഭാഗവുമായി ഉന്നത സാങ്കേതിക വിദ്യാഭ്യാസ രംഗത്ത് ക്ലാസ് ഫോറിൽ ലഭിക്കുന്ന 2 ശതമാനം സംവരണവും മാത്രമാണ്. പി.എസ്.സിയുടെ റൊട്ടേഷൻ ലിസ്റ്റിൽ 48ാം സ്ഥാനത്ത് ആയതിനാൽ എണ്ണം കുറഞ്ഞ തസ്തികളിൽ ഒരു ജോലി പോലും ദലിത് ക്രൈസ്തവർക്ക് നേടിയെടുക്കുവാൻ കഴിയാറില്ല. നിലവിൽ സംസ്ഥാന സർക്കാർ ദളിത് ക്രിസ്ത്യൻ കുട്ടികളുടെ ലെപ്സം ഗ്രാന്റും സ്കോളർഷിപ്പ് വിതരണത്തിലടക്കം മെല്ലപ്പോക്ക് തുടരുകയാണ്. ഇത്തരം സന്നിദ്ധമായ സാഹചര്യത്തിലാണ് ദളിത് ക്രൈസ്തവർ സമര രംഗത്ത് ഇറങ്ങുന്നത്.

അതിജീവനത്തിനായി പോരാടുന്ന കേരളത്തിലെ ദളിത് ക്രൈസ്തവ ജനസമൂഹം ന്യായമായ തങ്ങളുടെ അവകാശങ്ങൾ ഭരണാധികാരികളുടെ ശ്രദ്ധയിൽ പെടുത്തുക എന്ന ഉദ്ദേശത്തോടുകൂടിയാണ് 2023 നവംബർ 28–ാം തീയതി സെക്രട്ടറിയേറ്റിലേക്ക് മാർച്ച് നടത്തുന്നത്.

നീതിക്കുവേണ്ടി നടത്തുന്ന ഈ മാർച്ചും ധർണ്ണയും വൻ വിജയമാക്കുന്നതിന് അങ്ങയുടെ അതിരൂപത/ രൂപതയിൽ നിന്ന് പാസ്റ്ററൽ കൗൺസിൽ അംഗങ്ങൾ, ഇടവകതലത്തിൽ പ്രവർത്തിക്കുന്ന വിവിധ കത്തോലിക്കാ സംഘടനാ ഭാരവാഹികൾ, ദലിത് കത്തോലിക്കാ അംഗങ്ങൾ എന്നിവരെ പങ്കെടുപ്പിക്കുന്നതിന് ആവശ്യമായ ക്രമീകരണങ്ങൾ ചെയ്യേണമേ.

**കെ.സി.ബി.സി.എസ്.സി/എസ്.ടി/ബി.സി കമ്മീഷനുവേണ്ടി**

ബിഷപ്പ് ഗീവർഗീസ് മാർ അപ്രേം
(ചെയർമാൻ, കെ.സി.ബി.സി.എസ്.സി/എസ്.ടി/ബി.സി കമ്മീഷൻ)
ബിഷപ്പ് വിൻസെന്റ് സാമുവേൽ
(വൈസ്ചെയർമാൻ, കെ.സി.ബി.സി.എസ്.സി/എസ്.ടി/ബി.സി കമ്മീഷൻ)
ബിഷപ്പ് സെബാസ്റ്റ്യൻ വാണിയപ്പുരയ്ക്കൽ
(വൈസ്ചെയർമാൻ, കെ.സി.ബി.സി.എസ്.സി/എസ്.ടി/ബി.സി കമ്മീഷൻ)

# ജനജാഗരം




നവംബർ 19–ാം തീയതി ഞായറാഴ്ച വിജയപുരം രൂപതയിൽ വണ്ടിപ്പെരിയാറ്റിൽ വച്ച് നടത്തപ്പെട്ട ജനജാഗരം ജനങ്ങളുടെ പങ്കാളിത്തം കൊണ്ടും സംഘടനാ പാടവത്വം കൊണ്ടും ശ്രദ്ധേയമായി. ഏകദേശം 3500 ഓളം പേർ പങ്കെടുത്ത റാലിയിൽ വണ്ടിപ്പെരിയാർ അക്ഷരാർത്ഥത്തിൽ ജനസാഗരമായി മാറി. വണ്ടിപ്പെരിയാർ ക്ലൂണി കോൺവെന്റിന്റെ മൈതാനത്തുനിന്ന് വിജയപുരം രൂപതാ വികാരി ജനറാൽ മോൺസിഞ്ഞോർ ജസ്റ്റിൻ മഠത്തിപറമ്പിൽ ഫ്ളാഗ് ഓഫ് ചെയ്ത് ആരംഭിച്ച റാലി വണ്ടിപ്പെരിയാർ ബസ്സ്റ്റാൻഡ് ചുറ്റി ദേവാലയത്തിൽ എത്തിയിട്ടും നൂറുകണക്കിന് ആളുകൾ റാലിയിൽ പങ്കെടുക്കാൻ കാത്തുനിന്നിരുന്നു. വണ്ടിപ്പെരിയാർ അസംഷൻ ദേവാലയത്തിലെ ആരാമം ഓഡിറ്റോറിയത്തിൽ വച്ച് നടന്ന ജനജാഗരത്തിൽ അഭിവന്ദ്യ സെബാസ്റ്റ്യൻ തെക്കത്തെചേരിൽ പിതാവ് ആവേശോജ്വലമായ പ്രസംഗം നടത്തി. “നമ്മൾ ലത്തീൻ കത്തോലിക്കരാണ്, നമ്മൾ ഈ മണ്ണിന്റെ മക്കളാണ്” എന്ന പിതാവിന്റെ വാചകം ജനങ്ങൾ ഉച്ചത്തിൽ ഏറ്റു പറഞ്ഞു. തുടർന്ന് KRLCC അസോസിയേറ്റ് ജനറൽ സെക്രട്ടറി ഫാദർ ജിജു അറക്കത്തറ അധ്യക്ഷ പ്രസംഗം നടത്തി. തുടർന്ന്, അഡ്വക്കേറ്റ് ആൽഫിൻ ആൽബർട്ട്, ശ്രീ ടോമി പൂവത്തോലിൽ, ശ്രീമതി നിഷാ വിൻസെൻറ് എന്നിവർ പ്രഭാഷണങ്ങൾ നടത്തി. ശ്രീമതി യേശുമരിയാൾ, ശ്രീ സെബാസ്റ്റ്യൻ പത്യാല എന്നിവർ ആശംസകൾ അർപ്പിച്ചു.

ഈ ജനജാഗരം വമ്പിച്ച വിജയമാക്കി തീർത്ത പീരിമേട് ഫൊറോനയിലെ ഫൊറോന വികാരി ഫാദർ ജോസ് കടന്തുരുത്തേലും കോഡിനേറ്റർ ആയി പ്രവർത്തിച്ച ഫാദർ സെബാസ്റ്റ്യൻ വെളിയിലും സെക്രട്ടറി

ഫാദർ സുരേഷ് ആന്റണിയും വിവിധ കമ്മിറ്റികളിൽ പ്രവർത്തിച്ച പീരുമേട് മേഖലയിലെ വൈദികരും വണ്ടിപ്പെരിയാർ ഇടവക വികാരി ഫാദർ ഫ്രാൻസിസ് നെടുംപറമ്പിലും  ഫൊറോന കൺവീനർ ആയ ശ്രീ സെബാസ്റ്റ്യൻ പത്യാലയും മേഖലയിലെ ഇടവക ജനങ്ങളും അഭിനന്ദനങ്ങൾ അർഹിക്കുന്നു.

രൂപതാ മിനിസ്റ്ററികളുടെ കോഡിനേറ്റർ ആയ ഫാദർ വർഗീസ് കോട്ടക്കാട്ടിലിനും രൂപത രാഷ്ട്രീയകാര്യ സമിതി കൺവീനർ സാജു ജോസഫിനും നന്ദി അർപ്പിക്കുന്നു. രൂപതയിലെ വിവിധ സംഘടനകളുടെ പ്രസിഡൻറ്മാർക്കും ഭാരവാഹികൾക്കും നന്ദി അർപ്പിക്കുന്നു. രൂപതയിലെ എല്ലാ മേഖലകളിലും നിന്നുമുള്ള ജനങ്ങൾ പങ്കെടുത്തു. അവരെ ജനജാഗരത്തിലേക്ക് അയച്ച എല്ലാ ഫൊറോനാ വികാരിമാർക്കും, വൈദികർക്കും നന്ദി അർപ്പിക്കുന്നു.

***ഫാ. വർഗീസ് ആലുങ്കൽ*** *(രൂപത രാഷ്ട്രീയകാര്യ സമിതി ചെയർമാൻ)*

---

## തിരുപ്പിറവിയുടെ  പുണ്യത്തിലേക്ക്...

നഷ്ടപ്പെട്ടുപോയ ദൈവപുത്രസ്ഥാനം തിരികെത്തരാൻ,
കാലത്തിന്റെ തികവിൽ, വചനം മാംസമായി അവതീർണ്ണനായ-
കർത്താവായ യേശുക്രിസ്തുവിന്റെ പിറവിത്തിരുന്നാളിനായ്
നാം ഒരുങ്ങുകയാണല്ലോ.
പാപവും തിന്മയും വർദ്ധിച്ചിടത്ത് കൃപ അതിലേറെ വർദ്ധിക്കുകയും
അനുസരക്കേടിന്റെ കറ നമ്മെ കുറ്റം വിധിച്ചിടത്ത്,
കാലിത്തൊഴുത്തിൽ പിറന്നവന്റെ പീഡകൾ നമ്മെ വീണ്ടെടുക്കുകയും
വിശുദ്ധീകരിക്കുകയും ചെയ്തുവെന്ന തിരിച്ചറിവിലേക്ക്
ഈ ക്രിസ്തുമസ് നമ്മെ നയിക്കട്ടെ!
ബലഹീനതകൾക്ക് വിധേയപ്പെടുന്ന,
ലൗകികതയ്ക്ക് അടിമപ്പെടുന്ന
ആർഭാടങ്ങളിൽ അഭിരമിക്കുന്ന ജീവിതരീതികൾ മാറ്റിവെച്ച്,
സ്നേഹത്തിന്റെയും സൗഖ്യത്തിന്റെയും
കരുണയുടെയും കരുതലിന്റെയും
പങ്കുവയ്ക്കലിന്റെയും കൂടിച്ചേരലിന്റെയും
അവിസ്മരണീയമായ അനുഭവനിമിഷങ്ങളാക്കി
2023- ലെ ക്രിസ്തുമസിനെ ഏറ്റുവാങ്ങാൻ
ഹൃദയപൂർവ്വം നമുക്ക് പ്രാർത്ഥിച്ചൊരുങ്ങാം.
അവസരമാകട്ടെ ആഗതമായ ആഗമനനാളുകൾ
ഏവർക്കും ക്രിസ്തുമസിന്റെ ആശംസകൾ!

# പരാജയപ്പെട്ടവന്റെ വിജയം-സമാധാനം

**ഫാ. ആൽബർട്ട്**

സമാധാന ഉടമ്പടികൾ ചരിത്രത്തിൽ ഉടലെടുത്തിട്ടുള്ളത് യുദ്ധങ്ങൾക്ക് ഒടുവിലാണ്, ചരിത്രം സാക്ഷിയായി നിന്ന യുദ്ധങ്ങളിൽ ചിലർ തോൽവി സമ്മതിക്കും. ചിലർ മനപൂർവ്വം പിൻവാങ്ങും, എന്തിന് എന്നതിന് ഉത്തരം സമാധാനം മാത്രമേയുള്ളൂ. സുവിശേഷങ്ങളിൽ എല്ലാം തെളിഞ്ഞു നിൽക്കുന്ന ചിത്രം ക്രിസ്തുവിന്റെ പുഞ്ചിരി നിറഞ്ഞ മുഖവും പ്രിയപ്പെട്ട വാക്കുമായ സമാധാനവുമാണ്. മനുഷ്യർക്ക് വിലകൊടുത്ത് വാങ്ങാനാവാത്തതും സ്വപ്നത്തിനു മാത്രം നൽകാൻ കഴിയുന്നതുമായ അമൂല്യ നിധി. ബുദ്ധികൊണ്ട് അളക്കുവാൻ സാധിക്കാത്ത ഹൃദയം നൂറ്റാണ്ടുകൾക്ക് മുൻപ് ഏശയ്യ. ദീർഘ ദർശിയിലൂടെ സ്വർഗ്ഗം ഒരു സ്വപ്നം കാണുന്നുണ്ട്. (ഏശയ്യ.9) ഒരു രാജാവിനെക്കുറിച്ച്, സമാധാന രാജാവിനെ കുറിച്ച്, സ്വർഗ്ഗത്തിന്റെ സ്വപ്നം ഈ ഭൂമിയിൽ താഴ്ന്നിറങ്ങി. നൂറ്റാണ്ടുകൾക്ക് ശേഷം (ലൂക്ക 1:32-33) അവന്റെ പിതാവായ ദൈവത്തിന്റെ സിംഹാസനം ദൈവമായ കർത്താവ് അവന് കൊടുക്കും.

യാക്കോബിന്റെ ഭവനത്തിന്മേൽ അവൻ എന്നേക്കും ഭരണം നടത്തും. ഈ രാജാവ് മുപ്പത്തിമൂന്ന് വർഷം ഈ മണ്ണിലൂടെ നടന്ന് ഏറ്റവും അധികം സംസാരിച്ചത് സമാധാനത്തെക്കുറിച്ചാണ്. പൗലോസ് അപ്പോസ്തലന്റെ വാക്കുകളിൽ ദൈവത്തിന്റെ രൂപത്തിലായിരുന്നെങ്കിലും അവൻ ദൈവവുമായുള്ള സമാനത നിലനിർത്തേണ്ട ഒരു കാര്യമായി പരിഗണിച്ചില്ല. തന്നെത്തന്നെ ശൂന്യനാക്കികൊണ്ട് ദാസന്റെ രൂപം സ്വീകരിച്ചു. (ഫിലിപ്പി. 2:6) പരാജയപ്പെട്ട് പോയ ഒരു രാജാവിന്റെ ചിത്രം! ആ രാജാവിന്റെ പരാജയമാണ് മനുഷ്യൻ ഹൃദയത്തിൽ അനുഭവിക്കാൻ ആഗ്രഹിക്കുന്ന സമാധാനം. വെട്ടിപിടിക്കലിന്റെ വിജയം മാത്രം ആഗ്രഹിക്കുന്ന സംസ്ക്കാരത്തിൽ സമാധാനം എന്തുകൊണ്ട് മാറി നിൽക്കുന്നു എന്നതിനുത്തരം ഒന്ന് മാത്രമേയുള്ളൂ. സമാധാനം ആഗ്രഹിക്കുന്നുവെങ്കിൽ പരാജയപ്പെടുവാൻ മനസ്സുണ്ടാകണം. മുപ്പത്തിമൂന്ന് വയസ്സുവരെ ജീവിച്ച സ്വർഗ്ഗത്തിന്റെ സ്വപ്നം ക്രിസ്തു പറഞ്ഞുവെച്ച സമാധാനം ആഗ്രഹിക്കുന്നുവെങ്കിൽ, ഒരു പ്രാർത്ഥന മാത്രം എന്നും തിളങ്ങി നിൽക്കണം. "ദൈവമേ, എനിക്കും പരാജയപ്പെടുവാനും അതു അംഗീകരിക്കുവാനും കൃപ തരണമേ." കാരണം, പരാജയപ്പെട്ടവന്റെ വിജയമാണ് സമാധാനം.

## 'Jesus Teens' Programme

രൂപതാ കോൺഗ്രിഗേഷൻ ആയ Daughters Of The Immaculate Heart (D.I.H) കോൺഗ്രിഗേഷന്റെ നേതൃത്വത്തിൽ രൂപതയിലെ മതബോധന വിദ്യാർത്ഥി-വിദ്യാർത്ഥിനികൾക്കായി ഇടവകകൾതോറും ധ്യാനങ്ങൾ, ക്ലാസുകൾ, സെമിനാറുകൾ എന്നിവ നടത്തുന്നു. ഇടവകകളുടെ പശ്ചാത്തലം മനസിലാക്കി **'ഹോം മിഷനും'** നടത്തുന്നു. താല്പര്യമുള്ളവർ മുൻകൂട്ടി അറിയിക്കുക.

Contact : 7025984181

# ആഗമന കാലം :
## ദൈവത്തിന്റെ സാഹസിക സ്നേഹത്തിന്റെ ഓർമ

ഫാ. ജോർജ് മനോജ് ലോബോ

"Advent is an Adventure' എന്നൊരു പ്രശസ്തമായ ചിന്തയുണ്ട്. ദൈവം മനുഷ്യനായി അവതരിച്ചതിന്റെ ഓർമ്മ ആഘോഷിക്കാനുള്ള ഒരുക്കമാണല്ലോ ആഗമനകാലം. ദൈവത്തിന്റെ മനുഷ്യവതാരം ഒരു വലിയ സാഹസികതയായിരുന്നു, സ്നേഹത്തിന്റെ സാഹസികത. അതുകൊണ്ടാണ് വി. പൗലോസ് ഫിലിപ്പിയർക്ക് എഴുതിയ ലേഖനത്തിൽ ഇങ്ങനെ പറയുന്നത്: "ദൈവത്തിന്റെരൂപത്തിൽ ആയിരുന്നെങ്കിലും അവൻ ദൈവവുമായുള്ള സമാനത നിലനിർത്തേണ്ട ഒരു കാര്യമായി പരിഗണിച്ചില്ല. തന്നെത്തന്നെ ശൂന്യനാക്കിക്കൊണ്ട് ദാസന്റെ രൂപം സ്വീകരിച്ച് മനുഷ്യരുടെ സാദൃശ്യത്തിൽ ആയിത്തീർ ആകൃതിയിൽ മനുഷ്യനെപ്പോലെ കാണപ്പെട്ടു."(ഫിലിപ്പിയർ 2:67)

നമ്മൾ ജീവിക്കുന്ന ഈ കാലഘട്ടത്തിൽ ഈ ശൂന്യവൽക്കരണ മനോഭാവം വളരെ വിരളമാണ്. അപരനെ രക്ഷിക്കുവാൻ വേണ്ടി അപരനിലേക്ക് ഇറങ്ങി വരുന്നതിന്റെ അളവ് വളരെ കുറഞ്ഞു വരുന്നു. സത്യാനന്തര കാലഘട്ടത്തിൽ എല്ലാവരും താന്താങ്ങളുടെ കാര്യം മാത്രം നോക്കി ജീവിക്കുന്നവരായി മാറി. ഒരു YOLO (You Only Live Once) മനോഭാവത്തോടെ ജീവിതത്തെ നോക്കിക്കാണുകയാണ് എല്ലാവരും. നീ ഒരിക്കൽ മാത്രമേ ജീവിക്കുന്നുള്ളൂ. അതിനാൽ സ്നേഹത്തിനോ ത്യാഗത്തിനോ ഉത്തരവാദിത്വ നിർവഹണത്തിലെ ബുദ്ധിമുട്ടുകൾക്കോ നിന്റെ ജീവിതത്തിൽ സ്ഥാനമില്ല. മറിച്ച്, നിന്റെ സന്തോഷവും സുഖവും മാത്രമാണ് പ്രധാനം. ഈ സാഹചര്യത്തിൽ 'Advent is an Adventure' ( ആഗമന കാലം ഒരു സാഹസികതയാണ്) എന്ന ചിന്ത കൂടുതൽ പ്രസക്തമാകുന്നു.

ആഗമനകാല ചിന്തകൾ ഒരേസമയം തന്നെ നമ്മെ ആവേശം കൊള്ളിക്കുന്നതും അതേസമയം തന്നെ നമ്മെ വെല്ലുവിളിക്കുന്നതും ആണ്. എന്റെ ദൈവം എനിക്ക് വേണ്ടി ചെയ്ത സ്നേഹത്തിന്റെ സാഹസികതയുടെ ഓർമ്മയാണ് ക്രിസ്തുമസ് എന്നിൽ ഉണർത്തുക."തന്റെ ഏകജാതനെ നൽകുവാൻ തക്കവിധം ദൈവം അത്രമാത്രം ലോകത്തെ സ്നേഹിച്ചു"(യോഹ. 3:16)ദൈവത്തിന്റെ സാഹസികമായ ഈ സ്നേഹം എന്നെ കൂടുതൽ ഉന്മേഷഭരിതനും ആത്മാഭിമാനം ഉള്ളവനും ആവേശഭരിതനും അമൂല്യനുമാക്കുന്നു. അതേസമയം ആഗമന കാലത്തിലെ ഇതേ ചിന്ത തന്നെ എന്നെ വെല്ലുവിളിക്കുന്നു. കാരണം ദൈവം മനുഷ്യനായി തീർന്നത് എന്റെ സഹോദരന്(സഹോദരിയ്ക്ക് )വേണ്ടി കൂടിയാണ്. അവന്റെ ( അവളുടെ) വളർച്ചയ്ക്ക് (ഉയർച്ചയ്ക്ക് ) വേണ്ടി വലിയ

ഉത്തരവാദിത്വം എനിക്കുണ്ടെന്നുള്ള ബോധ്യം ആഗമനകാല ചിന്തകൾ നൽകുന്നു. അത് എന്റെ ക്രൈസ്തവ ജീവിതത്തെ കൂടുതൽ ക്രിയാത്മകമാക്കാൻ എന്നെ വെല്ലുവിളിക്കുന്നു. ഒരു സ്വാർത്ഥ മനോഭാവത്തോടുകൂടി ഇനി ജീവിതത്തിൽ ആയിരിക്കാൻ സാധിക്കുകയില്ല. ഏവർക്കും ഫലദായകമായ ഒരു ആഗമനകാലം ആശംസിക്കുന്നു.

---




# ആശ്വാസദായിക



സ്റ്റീഫൻ പുതുവേലിൽ

വിമലഗിരിയിലെ വിമലാംബികേ
വിശ്വൈക ചൈതന്യ തേജോമയീ
വിജയംവരിച്ച സ്വർഗ്ഗാരോപിതേ
വണങ്ങുന്നു ഞങ്ങൾ പരിപാവനേ

പന്ത്രണ്ടു നക്ഷത്ര പ്രൗഡിയോടെ
പാദങ്ങൾ ചന്ദ്രനെ പുൽകിടുമ്പോൾ
സ്ത്രീകളിൽ ധന്യേ സ്വർഗ്ഗരാജ്ഞീ
ഞങ്ങൾക്കായ് നിത്യവും പ്രാർത്ഥിക്കണേ

തളരുന്ന ഹൃദയങ്ങളായിരങ്ങൾ
തമരുന്നു സ്നേഹാർദ്ര ബന്ധങ്ങളും
തണലായിത്തുണയേകിത്തഴുകു നാഥേ
താരിളം പൂവിതൾ പാണികളാൽ

പാപാന്ധകാരത്തിനാഴി തന്നിൽ
പാപിയായിത്തീർന്നു ഞാനാഴ്ന്നിടുമ്പോൾ
പാപങ്ങൾ തെല്ലുമേ പേറിടാത്ത
പരിശുദ്ധ കന്യേ കനിഞ്ഞിടേണേ

വചനംഗ്രഹിച്ചുതന്നുദരമേകി
ദൈവകുമാരന്നു ജന്മമേകാൻ
കരയുന്നു ഞങ്ങളും കരുണാമയീ
കാരുണ്യ സാഗരം തീർത്തിടേണേ

ഹൃദയം നുറുങ്ങി ഞാൻ കേണിടുമ്പോൾ
മനതാരിൽ മുറിവേറ്റു നീറിടുമ്പോൾ
തളർന്നു ഞാനൂഴിൽ വീണിടാതെ
മാറോടു ചേർത്തെന്നെ തഴുകുമമ്മ

നിത്യവും ജപമാല ചൊല്ലി ഞാനെൻ
ചിത്തം തുറന്നെന്തു ചോദിക്കിലും
സത്യമായ് സർവ്വതും തന്നിടുന്ന
നിത്യവിശുദ്ധേ വണങ്ങിടുന്നു.



# വാതിൽമുട്ടി കടന്നുപോകുന്നവർ

ഫാ. അനസ് പോൾ

ക്രിസ്തുമസ് സുഖമുള്ള കാത്തിരിപ്പിന്റെ കാലമാണ്. മഞ്ഞു കൊഴിയുന്ന അനേകം ക്രിസ്തുമസ് രാത്രികളുടെ നനുത്ത ഓർമയും. മധുരമുറും കേക്കിന്റെ സ്വദും, ആട്ടവും പാട്ടുമെല്ലാം കഴിഞ്ഞു പോയ ഇന്നലകളെ കൂടുതൽ മധുരമുള്ളതാക്കുന്നു.

ഇതാ വീണ്ടും ഒരു ക്രിസ്തുമസ്. ഇശോയെ ഒരിക്കൽക്കൂടി പുൽക്കുട്ടിൽ കണ്ടുമുട്ടാനും, വാതിലുകൾ ഇല്ലാത്ത പുൽക്കുട്ടിൽ അല്പം ഇടം കണ്ടെത്താനുമായി സ്വർഗ്ഗത്തിന്റെ കരുതലായി ഈ ക്രിസ്തുമസ്സിനെ നമ്മുക്ക് തിരിച്ചറിയാം. അനേകം ക്രിസ്തുമസ് ദിനങ്ങൾ മറഞ്ഞു. ഈ ക്രിസ്തുമസിന് എന്തു മനോഭാവം നാം സ്വാന്തമാക്കണം?

ചരിത്രത്തിന്റെ താളുകളിൽ ഒരു ചോദ്യം അവശേഷിപ്പിച്ച് കടന്നുപോയ ഒരു മനുഷ്യനുണ്ട്- വി.യൗസേപ്പ്. മഞ്ഞു കൊഴിയുന്ന ബെദ്‌ലഹേമിന്റെ തെരുവുകളിൽ ഒരു ചോദ്യം മാറ്റൊലി കൊണ്ടിരിക്കണം. 'എന്റെ ഭാര്യക്ക് തലചായ്ക്കാൻ അല്പം ഇടം തരുമോ?" യാചനയുടെ സ്വരത്തിനു പ്രതികരണം ലഭിക്കാതെ വന്നപ്പോൾ എവിടെനിന്നോ കിട്ടിയ അല്പം തീചുടിൽ ദൈവത്തിന്റെ പുത്രന് ജന്മദിനം ഒരുക്കിയ ഒരു സാധികനായ സാധു. തന്റെ സ്വപ്നങ്ങൾ നിഷേധിക്കപ്പെട്ടുവെന്ന് തിരിച്ചറിഞ്ഞിട്ടും സുഖ നിദ്രയെ പുൽകി ദൈവത്തിന്റെ സ്വപ്നവുമായി വന്ന ദൈവദൂതന് സമ്മതം നൽകി തിരശീലക്ക് പിന്നിലേക്ക് ആ മനുഷ്യൻ മാറിനിന്നു

ചോദ്യങ്ങൾക്ക് മറ്റൊരു മറുചോദ്യം സർവ്വ സാധാരണമായ ഈ ലോകത്ത്, മറുചോദ്യങ്ങൾക്ക് അൽപംപോലും ഹൃദയത്തിൽ ഇടം നൽകാതെ ദൈവം വിരൽചൂണ്ടിയ ദേശങ്ങളിലേക്ക് പരിശുദ്ധ അമ്മയുടെ കരംപിടിച്ച് അദ്ദേഹം നടന്നു. അങ്ങനെ മൗനം കൊണ്ട് അദ്ദേഹം സുവിശേഷമായി.

ബേത്‌ലഹേമിലേക്കുള്ള രാത്രി യാത്രയിൽ സ്വയം വഴി തിരഞ്ഞെടുക്കാൻ കഴിവില്ലാത്ത കഴുതക്കുമുമ്പിൽ തീർച്ചയായും ഒരുവൻ നടന്നിരിക്കണം, രാജാക്കന്മാരുടെ രാജാവിന് ജനിക്കാൻ വഴിതെളിച്ച ഈ പ്രകാശത്തിനു നക്ഷത്രമെന്ന വിശേഷണം അനുയോജ്യമല്ലേ? ഈജിപ്തിന്റെ തെരുവുകളിൽ ശൂന്യമായ കരവുമായി കഴുതക്കും, അമ്മക്കും ഉദരത്തിലെ കുഞ്ഞിനും വിശ്രമം അനുവദിച്ചു ഒറ്റക്ക് അയാൾ നടന്നിട്ടുണ്ടാകും. അല്പം വിശ്രമിക്കാൻ പോലും അയാൾ മറന്ന്നിട്ടുണ്ടാകും. മഞ്ഞ് കൊഴിയുന്ന, നനുത്തകാറ്റ് വീശുന്ന ആ രാത്രിയുടെ കുളിരും അയാളോടൽപം കരുണകാണിക്കാതിരിക്കാൻ വഴിയില്ല. നീതിസൂര്യന്റെ ഉദയത്തിനായി ഒരുക്കങ്ങൾ എല്ലാം പൂർത്തീകരിച്ച് സ്വയം മാഞ്ഞുപോയ ഒരു നക്ഷത്രം.

ചരിത്രത്തിൽ പ്രതികരണം ലഭിക്കാതെപോയ ചോദ്യം വരുന്ന ക്രിസ്തുമസ് രാത്രിയിൽ അദ്ദേഹം നമ്മുടെ ഹൃദയവാതിൽക്കൽ അവശേഷിപ്പിക്കുന്നുണ്ട്: 'അവനു ജനിക്കാൻ അല്പം ഇടം കൊടുക്കുമോ?" എന്ന്.

ക്രിസ്തുവിന് ജനിക്കാൻ ഒരു വീടുവേണം. നമ്മുടെ ഹൃദയമാകുന്ന വീട്. ഒന്നെങ്കിൽ നിസ്സഹായരുടെ മുമ്പിൽ വാതിൽ തുറന്നു പിടിച്ച പഴയ നിയമത്തിലെ ജോസഫിന്റെ ഹൃദയംപോലെ ഒരു വീട്, അല്ലെങ്കിൽ ബേദ്‌ലഹേമിന്റെ തെരുവിൽ മറ്റാർക്കോവേണ്ടി വാതിൽക്കൽ മുട്ടി കടന്നു പോയ പുതിയ നിയമത്തിലെ ജോസഫിന്റെ ഹൃദയം പോലെ ഒരു വീട്. ഒരുക്കാം നമുക്കും അപ്രകാരമുള്ള ഒരു വീട്. ഹൃദയപൂർവ്വം ക്രിസ്തുമസിന്റെ ആശംസകൾ!

---

**അഖില കേരളാ ബൈബിൾ കലോത്സവത്തിന് മുന്നോടിയായി വിജയപുരം രൂപതാ ബൈബിൾ കലോത്സവം വിവിധ മേഖലാ മത്സരങ്ങൾക്ക് ശേഷം നവംബർ 11ന് കോട്ടയം വിമലഗിരിയിൽ വച്ച് സാഘോഷം പര്യവസാനിച്ചു. വികാരി ജനറാൾ റവ. മോൺ. ജസ്റ്റിൻ മഠത്തിപറമ്പിൽ ഉത്ഘാടനം ചെയ്തു. കലോത്സവത്തിൽ എല്ലാ മേഖലയിൽ നിന്നുള്ള വിജയികളായ മത്സരാർത്ഥികൾ മികച്ച രീതിയിൽ തങ്ങളുടെ കഴിവുകൾ പ്രകടമാക്കി.**

**79 പോയിന്റ് നേടി പട്ടിത്താനം മേഖലയും, 66 പോയിന്റ് നേടി കോട്ടയം മേഖലയും, 37 പോയിന്റ് നേടി മുണ്ടക്കയം മേഖലയും മികവും പ്രകടിപ്പിച്ചു. തുടർന്ന് നടന്ന സമ്മാനദാന ചടങ്ങിൽ അഭി. സെബാസ്റ്റ്യൻ തെക്കെത്തേച്ചേരിൽ പിതാവ് വിജയികൾക്ക് അനുമോദനമർപ്പിച്ച്, സമ്മാനങ്ങൾ വിതരണം ചെയ്തു.**

പ്രിയമുള്ളവരെ, ഡിസംബർ മാസത്തെ
വിവാഹ ഒരുക്ക സെമിനാർ 21, 22, 23 തീയതികളിൽ
കോട്ടയം വിമലഗിരി പാസ്റ്ററൽ സെന്ററിൽ വച്ച് നടത്തപ്പെടുന്നു.

*ഡയക്ടർ, ഫാമിലി അപ്പോസ്തലേറ്റ്*

## പരേതരെ സ്മരിക്കാം – ഡിസംബർ

| | | |
|---|---|---|
| 06 | (2006) | ഫാ. അഗസ്റ്റിൻ പിൻഹീരോ |
| 08 | (1957) | ഫാ. ജോർജ് തെക്കുംപുറത്ത് |
| 12 | (1935) | ഫാ. ഫുൾജെൻസിയൂസ് ഒ.സി.ഡി. |
| 23 | (1935) | ഫാ. ഫ്രാൻസിസ് സേവ്യർ ഒ.സി.ഡി. |
| 23 | (1998) | ഫാ. പീറ്റർ മുണ്ടയ്ക്കൽ |
| 27 | (1954) | ഫാ. സലൂസ്റ്റിൻ ഒ.സി.ഡി. |
| 29 | (2006) | ഫാ. സ്റ്റാൻലി സേവ്യർ |
| 31 | (1988) | ഫാ. ജോസഫ് കാച്ചപ്പള്ളി |

# സിനഡാത്മക സഭയിലേക്ക് മുന്നേറാം

ക്രിസ്തു എന്ന അടിസ്ഥാനശിലയിൽ പണിതുയർത്തപ്പെട്ട സഭയുടെ ആത്മചൈതന്യം അതിന്റെ പ്രേഷിതത്വസഭാവമാണ്. സഭയുടെ പ്രേഷിതത്വസ്വഭവത്തിന്റെ രണ്ടു കൈവഴികളാണ് കൂട്ടായ്മയും (Communion) പങ്കാളിത്വവും (Participation). പുതിയ കാലത്തിന്റെ ചുവരെഴുത്തുകൾ വായിച്ചറിഞ്ഞ്, ദൈവജനം മുഴുവൻ ഒരു 'സിനഡാത്മക സഭയായി' രൂപാന്തരപ്പെടുന്നിടത്ത് കൂട്ടായ്മയിലും പങ്കാളിതത്വത്തിലും നിറയുന്ന പ്രേഷിത പ്രവർത്തനങ്ങൾക്കാണ് ഏറെ തിളക്കവും പ്രസക്തിയും.

സ്വർഗപിതാവ് തന്റെ ഏകജാതനായ യേശുഗ്രസ്തുവിനെ ലോകത്തിലേക്ക് അയച്ചത് ദൈവരാജ്യം സ്ഥാപിക്കാനാണ്. അതവഴി സാർവ്വത്രിക രക്ഷയും സ്വാതന്ത്ര്യവും പുനഃസ്ഥാപിക്കാനും (LK 4/18-19). തന്റെ രക്ഷാകരദൗത്യം തുടരുന്നതിനായി യേശുക്രിസതു സ്ഥപിച്ചതാണ് 'സഭ'. സഭ അതിനാൽ സ്വഭാവത്താലെ പ്രേഷിതയാണ്. "നിങ്ങൾ ലോകമെങ്ങും പോയി സകല സൃഷ്ടികളോടു സുവിശേഷം പ്രസംഗിക്കുവിൻ. വിശ്വസിച്ച് സ്നാനം സ്വീകരിക്കുന്നവർ രക്ഷിക്കപ്പെടും." (Mk 16/15-16). Baptized and sent എന്ന മുദ്രാവാക്യം ഉയർത്താൻ ഓരോ ക്രിസ്ത്യാനിയേയും ആവേശം കൊള്ളിക്കുന്ന അതിശക്തമായ തിരുവചനമാണിത്.

സ്വർഗ്ഗപിതാവിന്റെ പ്രേഷിത സ്വഭാവത്തിൽ നിന്നും ലോകരക്ഷകനായ യേശുക്രിസ്തു ഈ മണ്ണിലേക്ക് എഴുന്നള്ളിവന്നു. വചനത്തിന്റെ മാംസം ധരിക്കലായിരുന്നു അത്. പിന്നീട് ക്രിസ്തുവിൻ നിന്നും ക്രിസ്തുവിന്റെ പ്രേഷിത സ്വഭാവത്തിൽ നിന്നും പരിശുദ്ധാത്മാവ് നമ്മുടെ ഹൃദയങ്ങളിലേക്ക് കടന്നുവന്നു. പരിശുദ്ധാത്മാവിലൂടെ ക്രിസ്തുനാഥൻ പന്തക്കാസ്തുനാളിൽ തിരുസഭ ഉടലെടുക്കാൻ തിരുമനസായി. അതിനാൽ പരിശുദ്ധാത്മാവിന്റെ ശക്തിയാലും പ്രേഷിത സ്വഭാവത്തിന്റെ അഭിഷേകത്താലും തീർത്തും പ്രേഷിതയാകേണ്ടവളാണ് തിരുസഭ. സഭ നിലനിൽക്കുന്നതു തന്നെ സുവിശേഷം നൽകാനാണ്. മാംസം ധരിച്ച ക്രിസ്തു എന്ന വലിയ സദ്വാർത്ത മനുഷ്യമനസിലേക്ക് പകർന്നു നൽകുന്നതാണത്. അതുവഴി ഭൂതലം മുഴുവൻ നവീകരിക്കപ്പെടണം.

സഭയുടെ അപ്പസ്തോലിക ഉത്തരവാദിത്വമാണ് സുവിശേഷം പകരൽ. ഇതിന്റെ വേദിയാണ് ഇടവകയും കുടുംബവും കുടുംബയൂണിറ്റുകളും ഭക്തസംഘടനകളും സഭ നടത്തുന്ന സ്ഥാപനങ്ങളും എല്ലാം. സുവിശേഷം പകരലിന്റെ ഏറ്റവും വലിയ മേഖലയാണ് വിശ്വാസ പരിശീലന

മേഖല. ക്രിസ്തുവിനായ് ഒരു വ്യക്തിയുടെ ഹൃദയം ഒരുക്കലാണിവിടെ നടക്കുക.

ക്രിസ്തു സ്നേഹത്താൽ ജ്വലിക്കുന്ന ഹൃദയത്തോടെയും ക്രിസ്തു വചനത്താൽ ചലിക്കുന്ന പാദങ്ങളോടെയും തിരുസഭയുടെ പ്രേഷിത പ്രവർത്തനങ്ങളിൽ പങ്കുചേരാൻ വീണ്ടും നമുക്കായ് ഒരു പുതിയ ആരാധനക്രമവത്സരം ലഭിക്കുകയാണ്. ആഗതമാകുന്ന ആഗമനകാലത്തിലൂടെ. കൂട്ടായ്മ ഒരുക്കിയും പങ്കാളിത്വം നൽകിയും സഭയുടെ പ്രേഷിത പ്രവർത്തനങ്ങൾക്ക് ആക്കം കൂട്ടാൻ ആഗമനകാലത്ത് പ്രാർത്ഥിച്ചൊരുങ്ങാം.

---

# ജനജാഗരം

കേരളത്തിലെ ലത്തീൻ കത്തോലിക്കാ ജനസമൂഹം സാമൂഹിക നീതിയും രാഷ്ട്രീയ നീതിയും നിഷേധിക്കപ്പെടുന്ന ഒരു ജനസമൂഹമായി മാറിയിരിക്കുന്നു. കേരള ചരിത്രത്തിൽ ത്യാഗോജ്വലമായ പല നല്ല തീരുമാനങ്ങളും നാടിന്റെ വികസനത്തിനുവേണ്ടി അർപ്പണം ചെയ്ത പാരമ്പര്യവും ഈ സമൂഹത്തിനു സ്വന്തമാണ്. വിദ്യാഭ്യാസത്തിന്റെ അടിസ്ഥാനശില സ്ഥാപിച്ചിരിക്കുന്നത് ലത്തീൻ കത്തോലിക്കരുടെ ആരാധനാലയങ്ങളിൽ ആണെന്നുള്ള കാര്യം കേരള സമൂഹം മറക്കരുത്. (ഉദാ. റോക്കറ്റ് വിക്ഷേപണകേന്ദ്രം തുമ്പ- തിരുവനന്തപുരം, വിഴിഞ്ഞം തുറമുഖം )

ലത്തീൻ കത്തോലിക്കാ സമൂഹത്തിന്റെ സാമൂഹ്യ-രാഷ്ട്രീയ ഏകോപനവും ശാക്തീകരണവും ലക്ഷ്യം വച്ചുകൊണ്ട് ഈ വർഷത്തെ ലത്തീൻ കത്തോലിക്കാദിനാചരണ (2023 ഡിസംബർ 3) ത്തിന്റെ ഭാഗമായുള്ള ജനജാഗര സംഗമത്തിന്റെ മുഖ്യ ഉദ്ദേശം നമ്മുടെ രാഷ്ട്രീയ-സാംസ്കാരിക പ്രദേശിക പ്രശ്നങ്ങളെക്കുറിച്ച് പഠിക്കുകയും നമ്മുടെ ആവശ്യങ്ങൾ സർക്കാരിന്റെ മുമ്പിൽ അവതരിപ്പിക്കുകയും ചെയ്യുക എന്നുള്ളതാണ്.

**“പ്രാതിനിധ്യവും പങ്കാളിത്തവും:**
**അധികാരത്തിലും ഉദ്യോഗത്തിലും”**

എന്ന മഹത്തായ വിചിന്തനവും പ്രാധാന്യമർഹിക്കുന്നു.

KRLCC യുടെ രാഷ്ട്രീയ കാര്യ സമിതിയുടെ നേതൃത്വത്തിൽ 2023 നവംബർ 4 മുതൽ ഡിസംബർ 10 വരെ കണ്ണൂർ മുതൽ തിരുവനന്തപുരം വരെയാണ് ജനജാഗരം സംഘടിപ്പിച്ചിരിക്കുന്നത്.

കേരളത്തിലെ ലത്തീൻ കത്തോലിക്കാ രൂപതകൾക്കൊപ്പം വിജയപുരം രൂപതയുടെ നേതൃത്വത്തിൽ തോട്ടം മേഖലയായ വണ്ടിപ്പെരിയാറിൽ വച്ച് ജനജാഗരം നടത്തപ്പെട്ടു. വണ്ടിപെരിയാർ അസംഷൻ ദൈവാലയത്തോടു ചേർന്നുള്ള ആരാമം ഓഡിറ്റോറിയത്തിൽ പൊതു സംഗമം നടത്തപ്പെട്ടു. പീരുമേട് മേഖലയിലെ എല്ലാ ലത്തീൻ കത്തോലിക്കാ വിശ്വാസികളും രൂപതയിലെ വിവിധ ഇടവകകളിൽ നിന്നുള്ള പ്രതിനിധികളും വൈദീകരും സാമുദായിക-സംഘടന നേതക്കളും KRLCC യുടെ കേന്ദ്രകമ്മറ്റിയംഗങ്ങളും ഈ സംഗമ സമ്മേളനത്തിൽ പങ്കെടുത്ത് സംസാരിച്ചു.

1. ജസ്റ്റീസ് ജെ.ബി. കോശി കമ്മീഷൻ റിപ്പോർട്ട് ഔദ്യോഗികമായി പ്രസിദ്ധീകരിക്കുക.
2. തോട്ടം മേഖലയിലെ പ്രശ്നങ്ങൾ പഠിച്ച് അവ പരിഹരിക്കുക. അടട്ടിരിക്കുന്ന തോട്ടങ്ങൾ തുറന്നു പ്രവർത്തിക്കുന്നതിനുള്ള നിയമ തടസ്സങ്ങൾ മാറ്റി എടുക്കുക.
3. കാർഷിക വിളകൾക്ക് ന്യായമായ വില നൽകുക.
4. 3,50,000 ആളുകളുടെ ജീവനും സ്വത്തിനും ഭീഷണിയായി നില്ക്കുന്ന മുല്ലപ്പെരിയാർ ഡാമിന്റെ കാലപ്പഴക്കം മനസിലാക്കി കേരള ജനതയുടെ ജീവനും സ്വത്തിനും ഉറപ്പുവരുത്തുക.
5. കാട്ടുമൃഗങ്ങളിൽ നിന്നുള്ള സംരക്ഷണം ഉറപ്പാക്കുക.
6. ദളിത് ക്രൈസ്തവരെ പട്ടകജാതി ലിസ്റ്റിൽ ഉൾപ്പെടുത്തുക.
7. പരിവർത്തിത ക്രൈസ്തവരെ പട്ടികജാതിക്കാരായി കണക്കാക്കുക.
8. പ്രളയത്തെ നിയന്ത്രിക്കാൻ നൂതനമായ മാർഗ്ഗങ്ങൾ ഏർപ്പെടുത്തുക.
9. മൈനോരിറ്റി ഡെവലപ്മെന്റ് ഫിനാൻസ് കോർപ്പറേഷൻ വഴി നൽകുന്ന വായ്പ പദ്ധതികളിൽ ന്യൂനപക്ഷങ്ങളിലെ പിന്നോക്ക വിഭാഗമായ ലത്തീൻ കത്തോലിക്കർക്കും ദളിത് ക്രൈസ്തവർക്കും മുൻഗണന നൽകുക.
10. സമുദായ സർട്ടിഫിക്കറ്റ് നിരാഹരിക്കുന്ന ഉദ്യോഗസ്ഥ നയം അവസാനിപ്പിക്കുക.

തുടങ്ങിയ സാമൂഹ്യ-രാഷ്ട്രീയ ആവശ്യങ്ങളാണ് ജനജാഗരം ഉയർത്തിക്കാട്ടുന്നത്.

# കോട്ടയം മേഖലാ മിഷൻലീഗ് പ്രതിനിധികളുടെ സംഗമം



പ്രതിനിധിസംഗമവും തിരഞ്ഞെടുപ്പും 19/11/2023 ഉച്ചകഴിഞ്ഞ് 2.00 മണിക്ക് കോട്ടയം ഗുഡ് ഷെപ്പേർഡ് ദേവാലയത്തിൽ വച്ച് നടത്തപ്പെട്ടു.11 ഇടവകയിൽ നിന്നായി 60 മിഷനറിമാർ പങ്കെടുത്തു. ചെറുപുഷ്പ മിഷൻ ലീഗ് മേഖല ഡയറക്ടർ റവ. ഫാദർ ജോസഫ് മീനായിക്കോടത്ത് അധ്യക്ഷത വഹിച്ചു. രൂപത ഡയറക്ടർ റവ. ഫാദർ മാത്യു ഒഴത്തിൽ സംഗമം ഉദ്ഘാടനം ചെയ്തു. രൂപത പ്രസിഡന്റ് ജിയോ. പി. വിൽഫ്രഡ്, രൂപത വൈസ് ഡയറക്ടർ, സിസ്റ്റർ മേരി ജൂലിയ ഡി. ഐ. എച്ച്, രൂപത സെക്രട്ടറി കുമാരി സിന്റ ഡെന്നിസ്, മേഖല വൈസ് ഡയറക്ടർ സിസ്റ്റർ ഹേമ. L.RFTS എന്നിവർ സംസാരിച്ചു. തുടർന്ന് രൂപത സമിതിയുടെ നേതൃത്വത്തിൽ തിരഞ്ഞെടുപ്പ് നടത്തി. പ്രസിഡന്റ് ജിബിൻ. പി. ബി. (പാക്കിൽ ), വൈസ് പ്രസിഡന്റ് അമല മരിയ തോമസ് (ഗുഡ് ഷെപ്പേർഡ്) സെക്രട്ടറി അതുല്യ വർഗീസ് (മണർകാട്), ജോയിൻ സെക്രട്ടറി എഡ്വിൻ ഷാജൻ (തിരുവഞ്ചൂർ), ട്രഷറർ കെവിൻ. ടി. ജോജി(കുറിച്ചി), റെപ്രസെന്റേറ്റീവ് ജോഷ്വാ (നട്ടാശ്ശേരി ), ഓർഗനൈസർ ആഷ്‌ലി ഷിജു(വേളൂർ) എന്നിവരെ മേഖലാ ഭാരവാഹികളായി തിരഞ്ഞെടുത്തു. തുടർന്ന് മേഖലാ ഡയറക്ടർ റവ. ഫാദർ ജോസഫ് മീനായിക്കോടത്തു മേഖല ഭാരവാഹികൾക്ക് ആശംസകൾ അർപ്പിക്കുകയും ചെയ്തു. മേഖല വൈസ് ഡയറക്ടർ സിസ്റ്റർ ഹേമ ഏവർക്കും നന്ദി അർപ്പിച്ചു. സ്നേഹവിരുന്നിനു ശേഷം 4.00മണിക്ക് സംഗമം സമാപിച്ചു.

# വേണം നമുക്കൊരു പരിസ്ഥിതി മാനസാന്തരം

***(ഫ്രാൻസിസ് പാപ്പായുടെ 'ലൗദാത്തെ ദേവും' എന്ന പുതിയ അപ്പ സ്തോലിക പ്രബോധനത്തിന്റെ പശ്ചാത്തലത്തിൽ ടി. ദേവപ്രസാദ് എഴുതിയ ലേഖനത്തിന്റെ പ്രസക്തമായ ആശങ്ങൾ)***

നമ്മുടെ ലോകം എങ്ങോട്ടാണ്? നമുക്കു ചുറ്റും സംഭവിക്കുന്നവ എന്തേ നമ്മെ ആകുലപ്പെടുത്തുന്നില്ല? പ്രകൃതി ദുരന്തങ്ങൾ ലോകത്താകെ തുടർക്കഥയാവുകയല്ലേ? കഴിഞ്ഞ രണ്ടു മാസങ്ങളിൽ പ്രകൃതിദുരന്തങ്ങളിൽ പൊലിഞ്ഞ ജീവിതങ്ങളെത്ര? എല്ലാം ഒരുതരം നിസ്സംഗതയോടെ കേട്ടുമറക്കുകയല്ലേ നമ്മൾ? ഒന്നും നമ്മെത്തേടിവരില്ലെന്ന മട്ടിലത്രേ നാം ജീവിക്കുന്നത്. ശീലോഹായിൽ ഗോപുരം വീണു മരിച്ചവർ പാപികളായതു കൊണ്ടാണെന്നു കരുതി സമാധാനിച്ച ഫരിസേയരുടെ മനസ്സാണോ നമുക്ക്? ഭൂമികുലുക്കത്തിന്റെയും പ്രളയത്തിന്റെയും കഥകൾ ദിവസേനേയെന്നോണം ഉണ്ടാകുന്നു. സാങ്കേതികവിദ്യയുടെ വളർച്ചയിലൂടെ ലോകം ഒരു ഗ്രാമംപോലെ ചെറുതാണെങ്കിലും മനസ്സുകൊണ്ട് നാം എത്രയോ അകലത്തിലാണ്.

സമീപകാലത്ത് എത്ര തവണയാണ് കേരളം പ്രളയം കണ്ടു നടുങ്ങിയത്. 2018 ഓഗസ്റ്റ് എന്തായിരുന്നു ദുരന്തം. 483 പേരാണ് മരിച്ചത്. പത്തു പോരെ കാണാതായി. പത്തുലക്ഷം പേരെ മാറ്റിപ്പാർപ്പിക്കേണ്ടിവന്നു. 14 ജില്ലകളും റെഡ് അലർട്ടായി. കേരളത്തിലെ ജനങ്ങളിൽ ആറിലൊന്നും വെള്ളപ്പൊക്കക്കെടുതിയിലായി. ഒരിക്കലും വെള്ളം കയറില്ലെന്നു കരുതിയ സ്ഥലങ്ങളിൽ വരെ വെള്ളമെത്തി. വീടുവിട്ടു ജോലി ചെയ്യുന്നവരെല്ലാം നാട്ടിലുള്ളവരെയോർത്ത് ആകുലപ്പെട്ടു.

2023 ഒക്ടോബർ രണ്ടാം വാരത്തിലും ഉണ്ടായി തലസ്ഥാനത്ത് പേമാരിയും വെള്ളപ്പൊക്കവും. സുരക്ഷിതമെന്നു കരുതിയിരുന്ന സ്ഥലങ്ങൾ വെള്ളത്തിൽ മുങ്ങി. വീടുകളിൽ വെള്ളം കയറി. വലിയ ദുരന്തങ്ങൾ ഉണ്ടായില്ലെങ്കിലും കയറിയ ചെളിവെള്ളം ഉണ്ടാക്കിയ കഷ്ടപ്പാടുകൾ എത്ര വലുതാണെന്ന് അനുഭവിച്ചവർക്കറിയാം. പൊഴി തുറന്നുവിട്ടിട്ടും കായലിലെ വെള്ളം കടലിലേക്കു പോകുന്നില്ല. സമുദ്രത്തിലെ ജലനിരപ്പ് ഉയരുന്നതാണ് കാരണമെന്നു സാധാരണക്കാർവരെ തിരിച്ചറിയുന്നു.

നാട്ടിലിറങ്ങുന്ന വന്യമൃഗങ്ങൾ പതിവു കാഴ്ചയായി. കാട്ടാന മാത്രമല്ല മയിലും കുരങ്ങും കടുവയും പുലിയും കാടുവിട്ടു പുറത്തുവരുന്നു. ടൗണിലിറങ്ങിയ കാട്ടാന വയോധികനെ ചവിട്ടിക്കൊന്നു. കേരളത്തിലെ മലയോരവിനോദസഞ്ചാരകേന്ദ്രങ്ങളിലേക്കു യാത്ര ചെയ്യാൻ പലർക്കും ഭയമായിരിക്കുന്നു.

**ലൗദാത്തെ ദേവും**

പ്രകൃതിയിലുണ്ടാകുന്ന ഈ മാറ്റങ്ങളെക്കുറിച്ച് അതിനോടുള്ള സമൂഹത്തിന്റെ നിസ്സംഗമനോഭാവത്തിനു നേരെ കത്തോലിക്കാസഭയുടെ പരമാചാര്യനായ ഫ്രാൻസിസ് പാപ്പാ ഉയർത്തിപ്പിടിക്കുന്ന മുഖക്കണ്ണാടിയാണ് ഒക്ടോബർ നാലിന് അദ്ദേഹം പുറത്തിറക്കിയ 'ലൗദാത്തെ ദേവും' എന്ന പുതിയ അപ്പസ്തോലിക പ്രബോധനം. ലൗദാത്തെ ദേവും എന്നാൽ ദൈവത്തിനു സ്തുതി എന്നാണ് അർത്ഥം.

മാർപാപ്പാമാരുടെ അപ്പസ്തോലിക ലേഖനങ്ങൾ സാധാരണഗതിയിൽ വിശ്വാസി സമൂഹത്തോടാണെങ്കിൽ കാലാവസ്ഥാ പ്രതിസന്ധിയെക്കുറിച്ചുള്ള ഫ്രാൻസിസ് മാർപാപ്പായുടെ ഈ അപ്പസ്തോലിക പ്രബോധനം സുമനസ്സുകളായ എല്ലാവർക്കുമായാണ് എഴുതപ്പെട്ടിരിക്കുന്നത്. 2015-ൽ എഴുതിയ 'ലൗദാത്തോസി' എന്ന ചാക്രികലേഖനത്തിന്റെ രണ്ടാം ഭാഗമോ പൂരകമോ ആണ് ഈ രേഖ.

കത്തോലിക്കാ സഭയിൽ നിന്നു പോലും എനിക്കു നേരിടേണ്ടിവരുന്ന യുക്തിരഹിതവും നിരാശാപൂർണവുമായ  അഭിപ്രായങ്ങൾക്കു മധ്യത്തിലും വളരെ പ്രകടമായ ഈ സത്യങ്ങൾ പറയേണ്ടതു കടമാണെന്നു ഞാൻ കരുതുന്നു എന്നു തുറന്നുപറഞ്ഞുകൊണ്ടാണ് പാപ്പാ ഈ പരിസ്ഥിതി യാഥാർത്ഥ്യങ്ങൾ അവതരിപ്പിക്കുന്നത്.

ഈ അപകടകരമായ മാറ്റങ്ങളുടെ കാരണം കഴിഞ്ഞ രണ്ടു നൂറ്റാണ്ടായി പ്രകൃതിയുടെമേൽ മനുഷ്യൻ നടത്തിയ അപകടകരമായ കടന്നുകയറ്റങ്ങളാണെന്ന് പാപ്പാ ഓർമിപ്പിക്കുന്നു. അഗ്നിപർവതസ്ഫോടനങ്ങൾ പോലെയുള്ള സ്വാഭാവിക കാരണങ്ങൾകൊണ്ടു സമീപദശകങ്ങളിലുണ്ടായ മാറ്റങ്ങളുടെ വേഗവും അളവും വിശദീകരിക്കാനാവില്ലെന്ന് മാർപാപ്പാ ചൂണ്ടിക്കാണിക്കുന്നു. ഉപരിതലതാപനിലയുടെ ശരാശരിയിലുള്ള മാറ്റം ഗ്രീൻഹൗസ് വാതകങ്ങളുടെ വർധനയുടെ ഫലമെന്ന കാരണം കൊണ്ടല്ലാതെ വിശദീകരിക്കാനാകുന്നില്ല.

**ഭൂമി പേറുന്ന യാതനകൾ**

"എന്റെ സഹോദരരേ, യാതനയനുഭവിക്കുന്ന നമ്മുടെ ഗ്രഹത്തെക്കുറിച്ചും നമ്മുടെ പൊതുഭവനത്തെക്കുറിച്ചും എന്റെ ഹൃദയംഗമമായ ആകുലതകൾ നിങ്ങളുമായി പങ്കുവയ്ക്കാൻ ആഗ്രഹിച്ചുകൊണ്ട് 'ലൗദാത്തോ സി' എന്ന ചാക്രികലേഖനം ഞാൻ പ്രസിദ്ധീകരിച്ചിട്ട് എട്ടുവർഷം കഴിയുന്നു. ഇക്കാലത്തെ അനുഭവങ്ങളിൽ നിന്നു മിതയായ പ്രതികരണം നമ്മിൽ നിന്നുണ്ടാകുന്നതായി തോന്നുന്നില്ല." മാർപാപ്പാ തുടക്കത്തിൽത്തന്നെ വേദനയോടെ അനുസ്മരിക്കുന്നു.

"നാം ജീവിക്കുന്ന ലോകം തകർന്നുകൊണ്ടിരിക്കുകയാണ്. ഒരു പൊട്ടിത്തെറിയിലേക്കു നീങ്ങിക്കൊണ്ടിരിക്കുന്നു. ഈ സാധ്യതയ്ക്കുപുറമേ, കാലാവസ്ഥാവ്യതിയാനത്തിന്റെ പ്രത്യാഘാതം നിരവധി വ്യക്തികളുടെയും കുടുംബങ്ങളുടെയും ജീവിതങ്ങളെ കൂടുതൽ അപകടത്തിലാക്കുമെന്നതു സംശയാതീതമായ യാഥാർത്ഥ്യമാണ്."

ആരോഗ്യപരിപാലനം, തൊഴിലസവരങ്ങൾ, വിഭവങ്ങളുടെ ലഭ്യത, ഭവനനിർമ്മാണം, നിർബന്ധിത കുടിയേറ്റം തുടങ്ങിയ മേഖലകളിൽ ഇതിന്റെ പ്രത്യാഘാതം ഉണ്ടാവും.

ദുരന്തത്തിലേക്കു നീങ്ങുന്ന അജഗണത്തെ നോക്കി നിസ്സഹായതയോടെ ചങ്കുപൊട്ടുന്ന ഒരു ഇടയന്റെ ശബ്ദം, "നാം ജീവിക്കുന്ന ലോകം തകർന്നുകൊണ്ടിരിക്കുകയാണ്." അദ്ദേഹം ഓർമ്മിപ്പിക്കുന്നു. കാലാവസ്ഥാവ്യതിയാനത്തിന്റെ പ്രത്യാഘാതം നിരവധി വ്യക്തികളുടെയും കുടുംബങ്ങളുടെയും ജീവിതങ്ങളെ കൂടുതൽ അപകടത്തിലാക്കുന്നു. ആരോഗ്യപരിപാലനം, തൊഴിലവസരങ്ങൾ, വിഭവങ്ങളുടെ ലഭ്യത, ഭവന നിർമ്മാണം, നിർബന്ധിതകുടിയേറ്റം തുടങ്ങിയ മേഖലകളിൽ ഇതിന്റെ പ്രത്യാഘാതം ഉണ്ടാവും.

*(തുടരും...)*

# ഇടവക വാർത്തകൾ



അടിമാലി സെന്റ് മാർട്ടിൻ ഡി പോറസ് ഇടവക തലക്കോട്ടു ചാലിൽ ജോസഫിന്റെയും അന്നമ്മയുടേയും മകൻ ഡീക്കൻ ജോസഫ് ബെഞ്ചമിൻ. തിരുപ്പട്ടം സ്വീകരിച്ച് അഭിവന്ദ്യ പിതാവിനോടൊപ്പം.



മതാധ്യാപികദിനത്തിൽ മൂവാറ്റുപുഴ ക്രിസ്തുരാജ ഇടവകയിലെ അധ്യാപകർക്ക് പ്രാർത്ഥനയോടെ സ്നേഹ ഗിഫ്റ്റ് നൽകി ആചരിച്ചു.

# ക്യാൻസർ സുരക്ഷായജ്ഞത്തിന് മണ്ണയ്ക്കനാട്ട് തുടക്കമായി

മണ്ണയ്ക്കനാട് : കാരിത്താസ് ഇന്ത്യ വിജയപുരം സോഷ്യൽ സർവ്വീസ് സൊസൈറ്റിയുമായി ചേർന്ന് നടപ്പിലാക്കി വരുന്ന ക്യാൻസർ സുരക്ഷാ പ്രോഗ്രാം *ആശാകിരണം*മണ്ണയ്ക്കനാട് ഹോളിക്രോസ് പള്ളിയിൽ തുടക്കമായി. ക്യാൻസർ പ്രതിരോധ ബോധവൽക്കരണവും ഇടവക പരിധിയിലുള്ള ക്യാൻസർ രോഗികൾക്ക് ആശ്വാസമാകാനും 20 സന്നദ്ധ പ്രവർത്തകർ വോളന്റിയേഴ്സായി പ്രവർത്തനമാരംഭിച്ചു. ഇതോടനുബന്ധിച്ച് ചർന്ന ബോധവൽക്കരണ സെമിനാർ ബഹു.വികാരി ഫാ. തോമസ് പഴവക്കാട്ടിൽ ഉദ്ഘാടനം ചെയ്തു. വി.എസ്.എസ്. എസ്. ആശാകിരണം കോഓഡിനേറ്റർ പ്രമീള ക്ലാസ് നയിച്ചു.

ഇടവക സമിതി സെക്രട്ടറി വിജയ് ബാബു.ജനകീയ വികസന സമിതി സെക്രട്ടറി എ.ജെ. സാബു.ബിജു ജോസഫ് എന്നിവർ പ്രസംഗിച്ചു. ആശാ കാരണം സെക്രട്ടറിയായി സിജു ജോസഫ് മധുരം കാട്ടിൽ തെരഞ്ഞെടുക്കപ്പെട്ടു.







ദിവ്യകാരുണ്യ കോൺഗ്രസ് ഇടവകാതല ഉദ്ഘാടനം സെന്റ് ജോസഫ് ദേവാലയം, ചെങ്ങളം.

# ചെറുപുഷ്പ മിഷൻലീഗ് ദിനം



8-10-2023 ഞായറാഴ്ച തെള്ളകം ഇടവകയിൽ മിഷൻലീഗ് ദിനം ആഘോഷിച്ചു. കുട്ടികളുടെ ഇടയിൽ മിഷനറി തീഷ്ണത പ്രോത്സാഹിപ്പിക്കാനും ദൈവവിളികൾ കണ്ടെടുക്കാനും ഉതകുന്ന തരത്തിൽ വളരെ സജീവമായി പ്രവർത്തിക്കാൻ ഇടവകയിലെ ചെറുപുഷ്പ മിഷൻലീഗ് യൂണിറ്റിന് കഴിയുന്നുണ്ട്. അധ്യാപികമാരായ ശ്രീമതി ബീന എബ്രഹാം, സി. സജിത എന്നിവർ യൂണിറ്റിന് നേതൃത്വം നല്കുന്നു. ഒക്ടോബർ 8-ാം തീയതി രണ്ടാമത്തെ ദിവ്യബലിക്ക് ശേഷം മിഷൻ ലീഗ് ഭാരവാഹികൾ ചേർന്ന് പതാക ഉയർത്തൽ കർമ്മം നിർവഹിച്ചു. ബഹുമാനപ്പെട്ട വികാരി ഫാ. അജി ജോസഫ് അനുഗ്രഹ പ്രാർത്ഥന നടത്തി.

---

# മതാധ്യാപക ദിനം

തൊടുപുഴ സെന്റ് മദർ തെരേസ ദേവാലയത്തിൽ മതാധ്യാപക ദിനം കുട്ടികളുടെ നേതൃത്വത്തിൽ ആഘോഷിച്ചു. അധ്യാപകർക്ക് സ്നേഹോപഹാരം നൽകി ആദരിച്ചു. ആദരവിന്റെ ഈ ദിനാഘോഷത്തിന് ഇടവക വികാരിയും ഫൊറോന വികാരിയുമായ പെരിയ ബഹു. എമ്മാനുവേൽ ചെപ്പാറയിൽ നേതൃത്വം നൽകി.





ആയുധങ്ങൾ നിശബ്ദമാകട്ടെ : വിജയപുരം രൂപതയിൽ പരിശുദ്ധ ഫ്രാൻസിസ് പാപ്പ ആഹ്വാനം ചെയ്തതനുസരിച്ച് വിശുദ്ധ നാടുകളിൽ നടക്കുന്ന യുദ്ധത്തിന്റെ അറുതിക്കും സമാധാനം സ്ഥാപിക്കുന്നതിനും ആയി ഒക്ടോബർ 27 ആം തീയതി പ്രാർത്ഥനാ ദിനമായി ആചരിച്ചു. വിജയപുരം ബിഷപ്പ്സ് ഹൗസിൽ രൂപതാ മെത്രാൻ അഭിവന്ദ്യ സെബാസ്റ്റ്യൻ പിതാവിന്റെ നേതൃത്വത്തിൽ ദിവ്യകാരുണ്യ ആരാധനയും പ്രത്യേക പ്രാർത്ഥനാ ശുശ്രൂഷയും നടന്നു.

---



കുട്ടിക്കാനം വിമല ഹൃദയ ദേവാലയത്തിൽ മതബോധന വിദ്യാർത്ഥികളുടെ നേതൃത്വത്തിൽ ക്രിസ്തുരാജന്റെ തിരുനാൾ സാഘോഷം നടത്തപ്പെട്ടു. ദേവാലയത്തിൽ നിന്ന് ആരംഭിച്ച വിശ്വാസപ്രഘോഷണ റാലി സെ ജോസഫ് ആശ്രമത്തിൽ  സമാപിക്കുകയും  ബഹുമാനപ്പെട്ട ഫ്രാൻസിസ് റിബൈറോ ഒ.സി.ഡി. അച്ചൻ സമാപന സന്ദേശം നൽകുകയും ചെയ്തു.

# ആദരാഞ്ജലികൾ



ഫാ. ഫെലിക്സിന്റെ
വത്സലപിതാവ്
**ദേവസ്യ ലാസർ**



ഫാ. ഏണസ്റ്റ് ഒ.സി.ഡി
വത്സല മാതാവ്
**ഓമന തോമസ്**



ദേവികുളം ആവേ മരിയ
ഇടവക മതാധ്യാപിക
**ട്രീസ (ജോളി)**
സ്റ്റീഫൻ പുത്തനിയിൽ.



ബൈബിൾ കലോത്സവത്തിൽ രണ്ടാം സ്ഥാനം കരസ്ഥമാക്കി കോട്ടയം മേഖല



ബൈബിൾ കലോത്സവത്തിൽ മൂന്നാംസ്ഥാനം കരസ്ഥമാക്കി മുണ്ടക്കയം മേഖല

പ്രിയ ബഹുമാന്യരേ,

കേരളത്തിലെ ലത്തീൻ കത്തോലിക്ക സഭയുടെ ഉന്നത നയരൂപീകരണ ഏകോപന സമിതിയായ കേരള റീജ്യയൺ ലാറ്റിൻ കാത്തലിക് കൗൺസിൽ സാമൂഹിക ജീവിതത്തിന്റെ വിവിധ മേഖലകളിൽ മികവാർന്ന സംഭാവനകൾ നല്കിയിട്ടുള്ള പ്രതിഭാധനരെ ഈ വർഷവും അവാർഡുകൾ സമ്മാനിച്ച് ആദരിക്കുകകയാണ്.

2023 ഡിസംബർ 3 ഞായറാഴ്ച എറണാകുളത്ത് ഇൻഫന്റ് ജീസസ് ഓഡിറ്റോറിയത്തിൽ (ഹൈക്കോടതിക്ക് സമീപം) ലത്തീൻ കത്തോലിക്ക ദിനാചരണത്തിന്റെ ഭാഗമായുള്ള ജനജാഗരത്തിന്റെ തുടർച്ചയായി വൈകീട്ട് 4.30 ന് നടക്കുന്ന സമ്മേളനത്തിൽ കെആർഎൽസിസി അവാർഡുകൾ സമ്മാനിക്കും.


കെആർഎൽസിസി പ്രസിഡന്റ് അഭിവന്ദ്യ ബിഷപ്പ് ഡോ. വർഗ്ഗീസ് ചക്കാലക്കൽ, വരാപ്പുഴ അതിരൂപത മെത്രാപ്പോലീത്ത അഭിവന്ദ്യ ഡോ. ജോസഫ് കളത്തിപ്പറമ്പിൽ തുടങ്ങിയവർ പങ്കെടുക്കും.

ഈ സന്തോഷകരമായ അവസരത്തിൽ അങ്ങയുടെ സവിശേഷമായ സാന്നിദ്ധ്യം സ്നേഹപൂർവ്വം ക്ഷണിക്കുന്നു.

ഫാ. തോമസ് തറയിൽ
ജനറൽ സെക്രട്ടറി



KRLCC
AWARDS
2023
03.12.2023



KRLCC
KERALA REGION LATIN CATHOLIC COUNCIL
KERALA REGION LATIN CATHOLIC SECRETARIAT
CARMELGIRI, ALUVA-683 102, Tel. 9447508112

# വി.എസ്.എസ്.എസ്. വാർത്തകൾ

## വിദ്യാർത്ഥി സംഗമം





കോട്ടയം, പട്ടിത്താനം, തിരുവല്ല, മുണ്ടക്കയം മേഖലകളിലെ വീ–ഷെയർ പദ്ധതിയിലുൾപ്പെട്ട കുട്ടികളുടെ സംഗമം അമലനിലയത്തിൽ വിജയപുരം സോഷ്യൽ സർവ്വീസ് സൊസൈറ്റി ഡയറക്ടർ ഫാ. അഗസ്റ്റിൻ ബിനോയ് മേച്ചേരിൽ ഉദ്ഘാടനം ചെയ്തു. ഫ്രാൻസിൽ നിന്നുള്ള ജെ.സി.എസ്.ഐ. പ്രതിനിധി സാറയും കുടുംബവും മുഖ്യാതിഥികളായി പങ്കെടുത്ത ചടങ്ങിൽ അസി. ഡയറക്ടർ ഫാ. ലിനോസ് ബിവേര ചുള്ളിക്കപ്പറമ്പിൽ ആശംസ നേർന്നു. എക്സൈസ് ഓഫീസർ നിഫി ജേക്കബ് ലഹരി വിരുദ്ധ ബോധവത്ക്കരണ ക്ലാസ് നൽകി. കോ.ഓർഡിനേറ്റർമാരായ സിസ്റ്റർ സൂസൻ, ഷിലി ഏബ്രഹാം എന്നിവർ സംസാരിച്ചു. കുട്ടികൾക്കായി നടത്തിയ രചനാമത്സരങ്ങളിൽ കോട്ടയം മേഖല ഒന്നാം സ്ഥാനവും, തിരുവല്ല മേഖല രണ്ടാം സ്ഥാനവും കരസ്ഥമാക്കി. കുട്ടികൾ കലാപരിപാടികളും അവതരിപ്പിച്ചു.

# സ്വയംതൊഴിൽ സംരംഭങ്ങൾ സന്ദർശനം



വിജയപുരം സോഷ്യൽ സർവ്വീസ് സൊസൈറ്റി സ്വിറ്റ്സർലൻഡ് ആസ്ഥാനമായുള്ള റിഹ്വാസ്വിസിന്റെ സഹകരണത്തോടെ നടപ്പിലാക്കി വരുന്ന ഭിന്നശേഷി പുനരധിവാസ പ്രവർത്തനങ്ങളുടെ ഭാഗമായി, സ്വയം തൊഴിൽ വായ്പയെടുത്ത് ജീവിത വിജയം കൈവരിച്ചവരെ റിഹ്വാസ്വിസ് പദ്ധതി സ്ഥാപകൻ ജോസഫ് ഏർത്തോട്ട്, വൈസ്പ്രസിഡന്റ് ജോർജി ഷമാൽ എന്നിവർ സന്ദർശിച്ചു. തിരുവഞ്ചൂർ, മണ്ണയ്ക്കനാട് എന്നിവിടങ്ങളിലെ ഏതാനും സംരംഭങ്ങൾ വിലയിരുത്തി. വി.എസ്.എസ്.എസ്. ഡയറക്ടർ ഫാ. അഗസ്റ്റിൻ ബിനോയ് മേച്ചേരിലും ഒപ്പമുണ്ടായിരുന്നു.

# എസ്.എച്ച്.ജി. ലിഡേഴ്സ് ട്രെയിനിംഗ്



വിജയപുരം സോഷ്യൽ സർവ്വീസ് സൊസൈറ്റി നേതൃത്വത്തിൽ അയൽക്കൂട്ട ഭാരവാഹികൾക്കായി പ്രത്യേക പരിശീലന പരിപാടി സംഘടിപ്പിച്ചു. റാന്നി, മാരാമൺ എന്നീ ഇടവക പ്രദേശങ്ങളിലെ ലിഡേഴ്സിനായി നവംബർ 11ന് മാരാമണിലും വനവാതൂക്കര, തിരുവല്ല എന്നിവിടങ്ങളിലെ ലീഡേഴ്സിനായി 16-ന് വനവാതൂക്കരയിലും നടത്തിയ പരിശീലന പരിപാടികളിൽ സമാഹൃത രജിസ്റ്റർ, മിനിട്സ് എന്നിവ തയ്യാറാക്കുന്നതിൽ പരിശീലനം നൽകി. എസ്.എച്ച്.ജി. സി.ഡി.ഒ റ്റി.കെ. രാജു സംഘചേതന പ്രതിനിധി വനജ ബൈജു എന്നിവർ ക്ലാസ് നയിച്ചു.



# അഭിവന്ദ്യ പിതാവിന്റെ
## ഡിസംബർ മാസ പരിപാടികൾ

ഡിസംബർ 1 : വിമലഗിരി മാതാവിന്റെ തിരുനാൾ ദിനങ്ങൾ, വിമലഗിരി കത്തീഡ്രൽ

ഡിസംബർ 2 : PPD

ഡിസംബർ 4-6 : KCBC മീറ്റിംഗ്, POC പാലാരിവട്ടം.

ഡിസംബർ 7 : വിമലഗിരി തിരുനാൾ, കോട്ടയം

ഡിസംബർ 8, 2.30 pm : തിരുനാൾ ദിവ്യബലി, വിമലഗിരി കത്തീഡ്രൽ, കോട്ടയം

ഡിസംബർ 10 : ഗോൾഡൻ ജൂബിലി : വെരി. റവ. ഫാ. ഗ്രിഗറി കൂട്ടുമ്മേൽ,
സെന്റ് ബോനിഫസ് ദേവാലയം, പട്ടിത്താനം

ഡിസംബർ 12 : ദിവ്യബലി, സെന്റ്. ആന്റണി തീർത്ഥാടന കേന്ദ്രം, കോട്ടയം.

ഡിസംബർ 13 : മൂന്നാർ ബൈബിൾ കൺവെൻഷൻ, മൗണ്ട് കാർമൽ ദേവാലയം, മൂന്നാർ.

ഡിസംബർ 15-18 :വേളാങ്കണ്ണി തീർത്ഥാടനം.

ഡിസംബർ 18 : ദിവ്യബലി, വിമലഗിരി കത്തീഡ്രൽ, കോട്ടയം

ഡിസംബർ 20 : ഗോൾഡൻ ജൂബിലി : വെരി. റവ. ഫാ. ജോർജ് ജോൺ മേരിമംഗലം ,
വിമലഗിരി കത്തീഡ്രൽ കോട്ടയം.

ഡിസംബർ 22 : PPD

ഡിസംബർ 23 : സന്യസ്ഥസംഗമം, ബിഷപ്സ് ഹൗസ് കോട്ടയം.
:ദിവ്യബലി, വിമലഗിരി കത്തീഡ്രൽ കോട്ടയം.

ഡിസംബർ 24 : ക്രിസ്തുമസ് ദിവ്യബലി,വിമലഗിരി കത്തീഡ്രൽ, കോട്ടയം

ഡിസംബർ 25 : ദിവ്യബലി, അഭയഭവൻ, കോട്ടയം.

ഡിസംബർ 28 : നിത്യവ്രത വാഗ്ദാന കർമ്മം, ഉത്ഥനാശ്രമം, ആനവിലാസം .

ഡിസംബർ 29 : PPD

ഡിസംബർ 30 : സിൽവർ ജൂബിലി : റവ. ഫാ. സെബാസ്റ്റ്യൻ പ്ലാത്തോട്ടം ,
ഹോളി ക്രോസ് ദേവാലയം, മണ്ണയ്ക്കനാട്.

ഡിസംബർ 31 : ദിവ്യബലി, വിമലഗിരി കത്തീഡ്രൽ, കോട്ടയം



പട്ടിത്താനം സെ.ബോണിഫസ് ദൈവാലയത്തിലെ അധ്യാപകരെ ഇടവകവികാരി ഉപഹാരങ്ങൾ നൽകിയും പൂക്കൾ നൽകിയും ആദരിച്ചു.

## തിരുപ്പട്ടം 2023 – നവ വൈദികർ അഭിവന്ദ്യ പിതാവിനോടൊപ്പം



1. ഫാ. ജോസഫ് കുര്യൻ (ജോമിൻ) നെല്ലിമല, സെന്റ്. ജോസഫ് ദൈവാലയം, പൊടിമറ്റം, (09-11-2023)
2. ഫാ. ജിതിൻ മാത്യു ഫെർണാണ്ടസ്, കോട്ടമേട്, അസംപ്ഷൻ ദൈവാലയം, വണ്ടിപെരിയാർ (08-11-2023)
3. ഫാ. അനസ് പോൾ കരോട്ടുനാലുന്നേൽ, സെന്റ്. ജോസഫ് (മുത്തപ്പൻ പള്ളി) ദൈവാലയം, തോപ്രാംകുടി (13-11-2023)
4. ഫാ. ജോസഫ് ബെഞ്ചമിൻ തലക്കോട്ടുച്ചാലിൽ, സെന്റ് മാർട്ടിൻ ഡി പോറസ് ദൈവാലയം, അടിമാലി (06-11-2023)
5. ഫാ. ബ്രിനിറ്റ് ലോറൻസ് നെടിയപറമ്പിൽ SVD, അസംപ്ഷൻ ദൈവാലയം, വണ്ടിപെരിയാർ (08-11-2023)



രൂപതാതല ബൈബിൾ കലോത്സവത്തിൽ ഓവറോൾ ചാമ്പ്യൻഷിപ്പ് കരസ്ഥമാക്കിയ പട്ടിത്താനം മേഖലയിലെ വൈദീകരും മത്സരാർത്ഥികളും അഭിവന്ദ്യ പിതാവിനോടൊപ്പം.

NOVEMBER 2023
Vol. 19+ Issue 11
Published on
1st November 2023

vijayapuradhuthu
(MONTHLY)
Annual Subscription ₹ 100.00

Registered No. KL/KTM/117/2023-25
LIC. No. KL/CR/KTM/WPP-03/2023-25
Licensed to Post without prepayment
RNI Registration No. KERMAL/2006/24745

A PUBLICATION OF DIOCESE OF VIJAYAPURAM, KOTTAYAM-686001, KERALA




Printed & Published by Fr Francis [illegible], on behalf of Diocese of Vijayapuram, P.B. No. 33, Kottayam-686001. Published at Vijayapuram Bishop's House Kottayam-686001, Kerala, India. Printed for Archana Offset Printers, [illegible] at Good Shepherd Press, Kottayam, Kerala. P. 0481-[illegible]